പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2951 **29-10-2026-ൽ മറുപടിയ്ക്ക്**

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പ് പദ്ധതികളും നടത്തിപ്പും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. പി .എം. എ. സമീർ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ നിലവിൽ ഏതെങ്കിലും പദ്ധതികൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

<u>മറുപടി:</u> ന്യൂനപക്ഷ ക്ഷേമ വകുപ്പ് കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ/വിദ്യാഭ്യാസ പദ്ധതികൾ നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കുന്നത്. സംസ്ഥാനതലത്തിൽ ജനസംഖ്യ അനുപാതം (മുസ്ലിം- 59.06, ക്രിസ്ത്യൻ - 40.87, മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾ 0.07) പാലിച്ച് കൊണ്ടാണ് നടപ്പാക്കുന്നത്. അതിനാൽ ഈ പദ്ധതി ആനുകൂല്യങ്ങൾ സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും അർഹരായ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭ്യമാകുന്നതാണ്.

വകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാരിക്രം പദ്ധതിയിൽ തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ നിലവിൽ പദ്ധതികൾ ഒന്നും തന്നെ ലഭ്യമല്ല. എന്നാൽ മാനദണ്ഡങ്ങൾക്കനുസൃതമായി പുതിയ പദ്ധതി നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കുന്നത്; ഇത് സംബന്ധിച്ച ഉത്തരകളുടെയും മാർഗ്ഗരേഖകളുടെയും നിബന്ധനകളുടെയും വിശദവിവരങ്ങൾ പകർപ്പുകൾ സഹിതം വിശദമാക്കാമോ;

<u>മറുപടി:</u> ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന പ്രധാനമായും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1.വിവിധ സ്കോളർഷിപ് പദ്ധതികൾ

- എപിജെ അബ്ദുൾ കലാം സ്കോളർഷിപ്പ്
- സിഎ/സിഎംഎ/സിഎസ് സ്കോളർഷിപ്പ്
- IITs, IIM, IISc, IMSc എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.
- മദർ തെരേസ സ്കോളർഷിപ്പ്

- പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്
- സിവിൽ സർവ്വീസ് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീ
- വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്(ബിരുദം)
- മാർഗദീപം സ്കോളർഷിപ്പ്
- സി എം റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോരിറ്റിസ്
- ഓവർസീസ് സ്കോളർഷിപ്പ്(ബിരുദാനന്തര ബിരുദം,പി.എച്ച്.ഡി)
- സ്വകാര്യ ഐ.റ്റി.ഐ – കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം
- സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്
- ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്
- യു.ജി.സി/ സി.എസ്.ഐ.ആർ/ നെറ്റ് പരീക്ഷാ പരിശീലനം
- വിവിധ ഏജൻസികൾ മുഖേന നൈപുണ്യ പരിശീലനം

2. കരിയർ ഗൈഡൻസ് & കോച്ചിംഗ് സെന്ററുകൾ വഴി നൽകുന്ന സൗജന്യ പരിശീലനങ്ങൾ. 3. വിധവ/ വിവാഹ ബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട-വിഭാഗത്തിലെ സ്ത്രീകൾക്കുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതികൾ (KSMDFC മുഖേന). 4. ഇമ്പിച്ചിബാവ ഭവനപുനരുദ്ധാരണ പദ്ധതി

പദ്ധതികളുടെ വിവരങ്ങൾ, നിർദ്ദിഷ്ട സർക്കാർ ഉത്തരവുകൾ, മാർഗ്ഗരേഖകൾ എന്നിവയുടെ പകർപ്പുകൾ അനുബന്ധം -1- ആയി ചേർക്കുന്നു.

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന വായ്പാ പദ്ധതികൾ മാത്രമാണ് നടപ്പിലാക്കി വരുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- സ്വയംതൊഴിൽ വായ്പ
- വിദ്യാഭ്യാസ വായ്പ
- പാരന്റ് പ്ലസ് വിദ്യാഭ്യാസ വായ്പ.
- ബിസിനസ്സ് വിപുലീകരണ വായ്പ.
- പ്രവാസി സ്വയംതൊഴിൽ വായ്പ
- വിസ വായ്പ
- ഭവന വായ്പ
- ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ
- മദ്രസ്സ അദ്ധ്യാപകർക്കുള്ള ഭവന വായ്പ
- സുമിത്രം പദ്ധതി (വിവാഹം, ചികിത്സാ വായ്പ)
- ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ
- വിധവ/വിവാഹ മോചിതർക്കുള്ള സ്വയംതൊഴിൽ വായ്പ
- ലാപ്ടോപ്പ് വായ്പ
- മൈക്രോ ഫിനാൻസ് പദ്ധതി -

പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2ആയി ചേർക്കുന്നു. കേരള മദ്രസ്സാധ്യാപക ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്ന ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു;

1. ചികിത്സാ ധനസഹായം - രണ്ട് വർഷം തുടർച്ചയായി ക്ഷേമനിധിയിലേക്ക് അംശദായം അടച്ച അംഗങ്ങൾക്ക് ഗുരുതരമല്ലാത്ത രോഗങ്ങൾക്ക് 5,000 രൂപ വരെയും ഗുരുതരമായ രോഗങ്ങൾക്കും അപകടത്തെ തുടർന്നുള്ള ചികിത്സയ്ക്കും 25,000 രൂപ വരെയും ധനസഹായമായി നൽകി വരുന്നു.
2. മരണാനന്തര ധനസഹായം - ക്ഷേമനിധിയിലെ അംഗം മരണപ്പെട്ടാൽ അംഗത്വ കാലയളവിന്റെ അടിസ്ഥാനത്തിൽ അംഗത്തിന്റെ അവകാശിക്ക് 10,000 രൂപ മുതൽ 50,000 രൂപ വരെ മരണാനന്തര ധനസഹായം നൽകി വരുന്നു. കൂടാതെ മരണമടയുന്ന അംഗത്തിന്റെ ശവസംസ്കാര ചെലവുകൾക്കായി അംഗത്തിന്റെ അവകാശിക്ക് 5,000 രൂപ അനുവദിക്കുന്നു.
3. വിവാഹ ധനസഹായം - രണ്ട് വർഷം തുടർച്ചയായി ക്ഷേമനിധിയിലേക്ക് അംശദായം അടച്ച അംഗങ്ങളുടെയും അവരുടെ രണ്ട് പെൺമക്കളുടെയും വിവാഹത്തിന് 25,000 രൂപ വിവാഹ ധനസഹായമായി നൽകുന്നു.
4. പെൻഷൻ - അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി നിധിയിലേക്ക് അംശദായമടച്ച അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ അംഗത്വ കാലയളവിന്റെ അടിസ്ഥാനത്തിൽ 1,500 രൂപ മുതൽ 7,500 രൂപ വരെ പെൻഷൻ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.
5. അവശതാ പെൻഷൻ - മൂന്ന് വർഷത്തിൽ കുറയാതെ അംശദായം നൽകി വരുന്ന അംഗത്തിന് അപകടം മൂലമോ അസുഖം മൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ചാൽ പ്രസ്തുത അംഗത്തിന് പ്രതിമാസം 1000 രൂപ അവശതാ പെൻഷൻ നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു.
6. വിദ്യാഭ്യാസ ധനസഹായം - പ്രൊഫഷണൽ കോഴ്സുകൾക്കും, ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കും സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന നിധിയിലെ അംഗത്തിന്റെ മക്കൾക്ക് പ്രസ്തുത സ്ഥാപനത്തിലെ പഠനത്തിന് ആവശ്യമായ സർക്കാർ ഫീസിന് തുല്യമായ തുക നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ ധനസഹായമായി നൽകി വരുന്നു.
7. റീഫണ്ട് - നിധിയിലെ അംഗം നിധിയിലേക്ക് അടയ്ക്കുന്ന അംശദായവും നിധയിലെ വിഹിതവും ചേർന്നുള്ള തുക പ്രസ്തുത അംഗത്തിന്റെ മരണാനന്തരമോ പ്രസ്തുത അംഗത്തിന് അറുപത് വയസ്സ് പൂർത്തിയാകുമ്പോഴോ അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചതിന് ശേഷം ജോലിയിൽ തുടരാനാകാതെ വരുമ്പോഴോ പ്രസ്തുത അംഗത്തിന് / പ്രസ്തുത അംഗത്തിന്റെ അനന്തരാവകാശിക്ക് തിരികെ നൽകുന്നതാണ്.
8. പ്രസവാനുകൂല്യം - രണ്ട് വർഷക്കാലം തുടർച്ചയായി ക്ഷേമനിധിയിലേക്ക് അംശദായം നൽകിയ ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 15,000 രൂപ നൽകുന്നു. അംഗത്തിന് പരമാവധി രണ്ട് പ്രാവശ്യം മാത്രമേ പ്രസവാനുകൂല്യം അനുവദിക്കുകയുള്ളൂ.
9. ഭവന നിർമ്മാണ / പുനരുദ്ധാരണ വായ്പ - രണ്ട് വർഷക്കാലം തുടർച്ചയായി ക്ഷേമനിധിയിലേക്ക് അംശദായം നൽകിയ ഒരു അംഗത്തിന് അഞ്ച് ലക്ഷംരൂപ വരെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന ഭവന നിർമ്മാണ / പുനരുദ്ധാരണത്തിനായി നിബന്ധനകൾക്ക് വിധേയമായി പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

കേരള മദ്രസ്സാധ്യാപക ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതിയുടെ നിബന്ധനകൾ വിശദമാക്കുന്നതും അപേക്ഷാ ഫാറങ്ങളുടെ മാതൃകകൾ ചേർത്തിട്ടുള്ളതുമായി വിജ്ഞാപനങ്ങളുടെ (എസ്.ആർ.ഒ.നമ്പർ 491/2019, 981/2024)പകർപ്പ് അനുബന്ധം -3 ആയി ചേർക്കുന്നു.

(സി) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മറുപടി: ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ സ്കോളർഷിപ്പ് പദ്ധതികളിൽ മാർഗദീപം സ്കോളർഷിപ്പ് ഒഴികെയുള്ള അപേക്ഷകൾ വകുപ്പിന്റെ ഔദ്യോഗിക സ്കോളർഷിപ്പ് പോർട്ടൽ (**www.mwdscholarship.kerala.gov.in**) മുഖേന ഓൺലൈനായിട്ടാണ് ക്ഷണിക്കുന്നത്. **www.margadeepam.kerala.gov.in** എന്നപോർട്ടൽ മുഖേന ഓൺലൈനായിട്ടാണ് മാർഗദീപം സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നത്.

പദ്ധതികൾ വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം ആവശ്യമായ സർട്ടിഫിക്കറ്റുകളും രേഖകളും അപ്ലോഡ് ചെയ്യേണ്ടതാണ്. സ്ഥാപന മേധാവികളുടെ പരിശോധനയ്ക്കും ഡയറക്ടറേറ്റ് തലത്തിലുള്ള പരിശോധനയ്ക്കും ശേഷം തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് (DBT) ലഭ്യമാക്കുന്നു. എന്നാൽ ഇമ്പിച്ചിബാവ ഭവനപുനരുദ്ധാരണ പദ്ധതി, സ്വയംതൊഴിൽ വായ്പാ പദ്ധതികൾ (KSMDFC മുഖേന)-ക്കുള്ള അപേക്ഷകൾ,യു.ജി.സി./സി.എസ്.ഐ.ആർ/നെറ്റ് പരീക്ഷാ പരിശീലനം എന്നിവ ഓഫ് ലൈൻ മോഡിലൂടെയും സമർപ്പിക്കാവുന്നതാണ്.

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നൽകുന്ന വായ്പാ പദ്ധതികൾക്ക് അർഹരായ ന്യൂനപക്ഷ വിഭാഗക്കാർക്ക് ഓരോ വായ്പാ പദ്ധതിയുടെയും അപേക്ഷ തപാൽ മുഖേനയോ ഇ-മെയിൽ മുഖേനയോ നേരിട്ടോ കോർപ്പറേഷന് സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫോറങ്ങൾ കോർപ്പറേഷന്റെ വെബ്സൈറ്റിൽ നിന്നും അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

എസ്. ആർ. ഒ. നം. 491/2019, 981/2024 എന്നീ വിജ്ഞാപനങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് കേരള മദ്രസ്സാധ്യാപക ക്ഷേമനിധി ബോർഡ് അപേക്ഷ സ്വീകരിക്കുന്നത്. ക്ഷേമ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ കേരള മദ്രസ്സ അധ്യാപക ക്ഷേമനിധി ബോർഡിന്റെ വെബ്സൈറ്റിലും (www.kmtboard.in) ലഭ്യമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ന്യൂനപക്ഷ ക്ഷേമ വകുപ്പ്- 2026-27 സാമ്പത്തികവർഷം ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കു നൽകുന്ന 'എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ്' പദ്ധതി - ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4692/2026/GAD തീയതി,തിരുവനന്തപുരം, 11-09-2026

പരാമർശം:- ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 11/08/2026-ലെ MWD/373/2026-S നമ്പർ കത്ത്.

ഉത്തരവ്

2026-27 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക് സ്ഥാപനങ്ങളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കു നൽകുന്ന എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 2225-04-277-88-12(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 82 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മേൽപരാമർശം പ്രകാരം ന്യൂനപക്ഷക്ഷേമ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് 6000/- രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്. പദ്ധതിയുടെ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

വിശദാംശങ്ങൾ	തുക (രൂപയിൽ)
ഗുണഭോക്താക്കളുടെ എണ്ണം : 1,360 എണ്ണം	(1360 x 6000) = 81,60,000
ഭരണപരമായ ചെലവുകൾക്കായി മാറ്റിവെച്ച തുക	40,000
ആകെ	82,00,000/-

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ

സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക് സ്ഥാപനങ്ങളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കു നൽകുന്ന എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് പദ്ധതിക്കായി 2026-27 സാമ്പത്തികവർഷം '2225-04-277-88-12(P)' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 82,00,000/-രൂപ (എൺപത്തിരണ്ടുലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ് എൻ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം, തിരുവനന്തപുരം
3.ധനകാര്യ വകുപ്പ് (Vide U.O Note No. WW1/114/2026-FIN dated 08/09/2026)
4.കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

for സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ന്യൂനപക്ഷ ക്ഷേമ വകുപ്പ്- 2026-27 സാമ്പത്തിക വർഷം ന്യൂനപക്ഷങ്ങൾക്കായുള്ള മുഖ്യമന്ത്രിയുടെ ഗവേഷണ ഫെല്ലോഷിപ്പ് പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4691/2026/GAD തീയതി,തിരുവനന്തപുരം, 11-09-2026

പരാമർശം:- ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/08/2026-ലെ MWD/494/2026/എസ് നമ്പർ കത്ത്.

ഉത്തരവ്

ഇന്ത്യയിലുടനീളമുള്ള യു.ജി.സി (UGC) അംഗീകൃത സർവ്വകലാശാലകളിലോ അഫിലിയേറ്റഡ് കോളേജുകളിലോ പി.എച്ച്.ഡി ചെയ്യുന്ന ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായുള്ള മുഖ്യമന്ത്രിയുടെ ഗവേഷണ ഫെല്ലോഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2225-04-277-85-12 (P) എന്ന ശീർഷകത്തിൽ 600 ലക്ഷം രൂപ (ആറ് കോടി രൂപ മാത്രം) അനുവദിക്കുന്നതിനായി പരാമർശ പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(2) പ്രസ്തുത പ്രൊപ്പോസൽ പ്രകാരം, മേൽ പദ്ധതിയുടെ സാമ്പത്തിക ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:-

(i) മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ റിന്യൂവൽ അപേക്ഷകൾക്കായിരിക്കും മുൻഗണന നൽകുക. ഇത്തരം അപേക്ഷകൾ തീർപ്പാക്കിയ ശേഷമേ പുതിയ അപേക്ഷകൾ പരിഗണിക്കുകയുള്ളൂ.

(ii) പുതിയ അപേക്ഷകർക്കും സ്കോളർഷിപ്പ് പുതുക്കുന്നവർക്കും (Fresh & Renewal) ഉൾപ്പെടെ, ഈ വർഷം പരമാവധി 250 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനാണ് ലക്ഷ്യമിടുന്നത്.

(iii) പ്രതിമാസ സ്റ്റൈപ്പൻഡ് നിരക്ക്: 20,000/- (എച്ച്.ആർ.എ, റിസർച്ച് കണ്ടിൻജൻസി ഉൾപ്പെടെ).

(iv) വാർഷിക സാമ്പത്തിക സഹായം: 2,40,000/- (കോഴ്സ് കാലാവധിക്കുള്ളിൽ പരമാവധി 3 തവണ) എന്നിങ്ങനെയാണെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്ത്യയിലുടനീളമുള്ള യു.ജി.സി (UGC) അംഗീകൃത സർവ്വകലാശാലകളിലോ അഫിലിയേറ്റഡ് കോളേജുകളിലോ പി.എച്ച്.ഡി ചെയ്യുന്ന ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായുള്ള മുഖ്യമന്ത്രിയുടെ ഗവേഷണ ഫെല്ലോഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി 2026-27 സാമ്പത്തിക വർഷത്തെ '2225-04-277-85-12 (P)' എന്ന ശീർഷകത്തിൽ നിന്ന് **600 ലക്ഷം രൂപ (ആറ് കോടി രൂപ മാത്രം)** വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (Vide U.O Note No. WW1/110/2026-FIN dated 09/09/2026)
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

for സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ന്യൂനപക്ഷ ക്ഷേമ വകുപ്പ് - ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള **CA/CMA/CS** സ്കോളർഷിപ്പ് പദ്ധതിയ്ക്ക് **2026-27** സാമ്പത്തിക വർഷം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4887/2026/GAD തീയതി,തിരുവനന്തപുരം, 21-09-2026

പരാമർശം:- ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ **11/08/2026**-ലെ **MWD/383/2026-S** നമ്പർ കത്ത്.

ഉത്തരവ്

2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ **2225-04-277-96-12(P)** എന്ന ശീർഷകത്തിൽ, ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള **CA/CMA/CS** സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി വകയിരുത്തിയിട്ടുള്ള **97,00,000/-** ലക്ഷം രൂപയിൽ **57.75** ലക്ഷം (അൻപത്തിയേഴ് ലക്ഷത്തി എഴുപത്തിയയ്യായിരം രൂപ മാത്രം) രൂപ അനുവദിക്കുന്നതിനായി പരാമർശ പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

(2) പദ്ധതിയുടെ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

ക്രമ നം	കോഴ്സ്	സ്കോളർഷിപ്പുകളുടെ എണ്ണം	സ്കോളർഷിപ്പ് തുക	തുക (രൂപ)
1	**CA**	**175**	**15,000/**	**26,25,000/-**
2	**CMA**	**200**	**15,000/**	**30,00,000/-**
3	**CS**	**10**	**15,000/**	**1,50,000/-**
	ആകെ	**385**		**57,75,000/-**

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള **CA/CMA/CS** സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി **'2225-04-277-96-00-12 (PV)'** ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **97,00,000/- രൂപയിൽ (തൊണ്ണൂറ്റിയേഴു ലക്ഷം രൂപ) നിന്ന്, 57,75,000/- രൂപ (അൻപത്തിയേഴ് ലക്ഷത്തി എഴുപത്തിയയ്യായിരം രൂപ മാത്രം)** പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് കൊണ്ടും, ഗുണഭോക്താക്കളുടെ യഥാർത്ഥ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഫണ്ട് അനുവദിക്കാവൂ എന്ന വ്യവസ്ഥയിന്മേലും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

- ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ് , വികാസ് ഭവൻ, തിരുവനന്തപുരം.
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം, തിരുവനന്തപുരം.
- ധനകാര്യ വകുപ്പ് **(Vide U.O Note No. WW1/116/2026-FIN dated 15/09/2026)**
- കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Digitally signed by Cuckoo Abraham
Date: 22-09-2026 11:08:54
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ്-ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് കോച്ചിംഗ് ഫീസ് റീഇംബേഴ്സ്മെന്റ് നൽകുന്ന പദ്ധതിയ്ക്ക് 2026-27 സാമ്പത്തികവർഷം ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4693/2026/GAD തീയതി,തിരുവനന്തപുരം, 11-09-2026

പരാമർശം:- ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ 13/08/2026-ലെ MWD/508/2026-S നമ്പർ കത്ത്.

ഉത്തരവ്

2026-27 സാമ്പത്തികവർഷത്തെ പുതുക്കിയ ബജറ്റിൽ, ന്യൂനപക്ഷവിഭാഗം വിദ്യാർത്ഥികൾക്ക് വിവിധതരം സ്കോളർഷിപ്പുകൾ നൽകുന്നതിനായുള്ള ഒരു സമഗ്രപദ്ധതി (umbrella scheme) ന്യൂനപക്ഷ ക്ഷേമത്തിനായുള്ള സംസ്ഥാന പദ്ധതിയിൽ വിഭാവനംചെയ്തിട്ടുണ്ടെന്നും, 2026-27 സാമ്പത്തിക വർഷത്തെ '2225-04-277-91-12 (P)' എന്ന ശീർഷകത്തിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി വകയിരുത്തിയിട്ടുള്ള 800 ലക്ഷം രൂപയിൽനിന്ന് സിവിൽ സർവ്വീസ് കോച്ചിംഗ് ഫീ റീഇംബേഴ്സ്മെന്റ് പദ്ധതിക്കായി 15 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മേൽ പരാമർശം പ്രകാരം ന്യൂനപക്ഷക്ഷേമ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളസംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയിലും അതിന്റെ ഉപകേന്ദ്രങ്ങളിലും സർവ്വകലാശാലകൾ നടത്തുന്ന സിവിൽസർവ്വീസ് പരിശീലന കേന്ദ്രങ്ങളിലും പഠിക്കുന്ന മിടുക്കരായ ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് പരിശീലനത്തിനുള്ള ഫീസ് തിരികെ ലഭിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുന്ന പദ്ധതിയ്ക്കായി '2225-04-277-91-12 (P)' എന്ന ശീർഷകത്തിൽ 2026-27 സാമ്പത്തികവർഷം

വകയിരുത്തിയിട്ടുള്ള 800 ലക്ഷം രൂപയിൽനിന്ന് 15,00,000/-രൂപ (പതിനഞ്ചുലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൺദേവ് എൻ

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (Vide U.O Note No. WW1/120/2026-FIN dated 09/09/2026)
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

for സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ന്യൂനപക്ഷ ക്ഷേമ വകുപ്പ്- 2026-27 സാമ്പത്തിക വർഷത്തെ ഉന്നത പഠനത്തിനായി വിദേശത്തേക്ക് പോകുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4890/2026/GAD തീയതി,തിരുവനന്തപുരം, 21-09-2026

പരാമർശം:- ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/08/2026-ലെ MWD/625/2026-S നമ്പർ കത്ത്.

ഉത്തരവ്

2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപ പദ്ധതികൾക്കുമായി 2225-04-277-91-12 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 800 ലക്ഷം രൂപയിൽ നിന്ന് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ബിരുദ കോഴ്സുകളിൽ ഉപരിപഠനത്തിനായി ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ നിന്നോ വിദ്യാഭ്യാസ വായ്പയെടുക്കുന്ന അർഹരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് പദ്ധതിയ്ക്ക് 1,40,00,000 (ഒരു കോടി നാൽപത് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിനായി പരാമർശ പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപ പദ്ധതികൾക്കുമായി **'2225-04-277-91-00-12 (P)'** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 800 ലക്ഷം രൂപയിൽ നിന്ന്, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ബിരുദ കോഴ്സുകളിൽ ഉപരിപഠനത്തിനായി ഷെഡ്യൂൾഡ്/കോമേഴ്സ്യൽ ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ നിന്നോ വിദ്യാഭ്യാസ വായ്പയെടുക്കുന്ന

അർഹരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി, 2026-27 വർഷത്തെ പ്ലാൻ റൈറ്റ് അപ്പ് അനുസരിച്ചുള്ള പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന വ്യവസ്ഥയിന്മേൽ, **1,40,00,000/-** രൂപയ്ക്ക് **(ഒരു കോടി നാൽപത് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ , ന്യൂനപക്ഷ ക്ഷേമ വകുപ്പ് , വികാസ് ഭവൻ, തിരുവനന്തപുരം.
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (Vide U.O Note No. WW1/112/2026-FIN dated 16/09/2026)
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Digitally signed by Cuckoo Abraham
Date: 22-09-2026 11:04:57
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ്-രാജ്യത്തെ പ്രമുഖ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായ IIT, IIM, IISc, IMSc എന്നിവയിൽ പ്രവേശനം നേടുന്ന പ്രതിഭാധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതിയ്ക്ക് 2026-27 സാമ്പത്തിക വർഷം -ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4988/2026/GAD തീയതി,തിരുവനന്തപുരം, 25-09-2026

പരാമർശം:- ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 20/08/2026- ലെ MWD/387/2026/എസ് നമ്പർ കത്ത്.

ഉത്തരവ്

രാജ്യത്തെ പ്രമുഖ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.ടി/ ഐ.ഐ.എം/ഐ.ഐ.എസ്.സി/ഐ.എം.എസ്.സി എന്നിവയിൽ പ്രവേശനം നേടുന്ന പ്രതിഭാധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതിയ്ക്ക് 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ '2225-04-277-96-12(P)' എന്ന ശീർഷകത്തിൽ വകയിരുത്തിയ 97 ലക്ഷം രൂപയിൽ 20 ലക്ഷം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശ പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) പദ്ധതിയുടെ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

ക്രമനം	വിശദാംശങ്ങൾ	ഗുണഭോക്താക്കൾ എണ്ണം	തുക (രൂപ)	ആകെ തുക (രൂപ)
1	IIT-കളിൽ പഠിക്കുന്ന ന്യൂനപക്ഷക്ഷേമ വിദ്യാർത്ഥികൾ(ഇന്ത്യയിലുടനീളം)	25	50,000/-	12,50,000/-
2	IIM-കളിൽ പഠിക്കുന്ന ന്യൂനപക്ഷക്ഷേമ	10	50,000/-	5,00,000/-

	വിദ്യാർത്ഥികൾ(ഇന്ത്യയിലുടനീളം)			
3 4	IMSC-യിൽ (Institute of Mathematical Sciences-Chennai) പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾ IISC-യിൽ (Institute of Sciences-Banglore) പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾ	5	50,000/-	2,50,000/-
	ആകെ	**40**		**20,00,000/-**

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രാജ്യത്തെ പ്രമുഖ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായ IIT, IIM, IISc, IMSC എന്നിവയിൽ പ്രവേശനം നേടുന്ന പ്രതിഭാധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയുടെ ആദ്യ ഗഡുവായി **20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം)** '2225-04-277-96-00-12 Scholarship for Undergoing Courses in Pursuit of CA/CMA/CS PV' എന്ന ശീർഷകത്തിൽ നിന്ന്, (Revised BE (AM) 97 lakh) , പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ ഡി സജിത്ത് ബാബു ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2 .പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ &ഇ), കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (Vide U.O Note No. WW1/123/2026/FIN dated 22/09/2026)
4. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Digitally signed by Cuckoo Abraham
Date: 26-09-2026 12:13:55

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ്- സംസ്ഥാനത്തെ അംഗീകൃത ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ (ITC) പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള കോഴ്സ് ഫീ റീ-ഇംബേഴ്സ്മെന്റ് പദ്ധതി - 2026-27 -സാമ്പത്തികവർഷം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4888/2026/GAD തീയതി,തിരുവനന്തപുരം, 21-09-2026

പരാമർശം:- ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 11/08/2026-ലെ MWD/385/2026-S നമ്പർ കത്ത്.

ഉത്തരവ്

ഗവൺമെന്റ് അംഗീകൃത പ്രൈവറ്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ ഒരു വർഷത്തെ/രണ്ട് വർഷത്തെ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള ഐ.ടി.ഐ/ഐ.ടി.സി (ITI/ITC) സ്കോളർഷിപ്പിനും നൈപുണ്യ പരിശീലനത്തിനുമായി 2026-27 സാമ്പത്തിക വർഷത്തിൽ 2225-04-277-94 (P) എന്ന ശീർഷകത്തിന് കീഴിൽ വകയിരുത്തിയിട്ടുള്ള 582 ലക്ഷം രൂപയിൽ നിന്ന് ഐ.ടി.സി ഫീസ് റീഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 402 ലക്ഷം രൂപ (നാല് കോടി രണ്ട് ലക്ഷം രൂപ) അനുവദിക്കുന്നതിനായി പരാമർശ പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(2) പദ്ധതിയുടെ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

ക്രമ നം	കോഴ്സ്	സ്കോളർഷിപ്പുകളുടെ എണ്ണം	സ്കോളർഷിപ്പ് തുക (രൂപ)	ആകെ തുക (രൂപ)
1	ITI/ITC (ഒരു വർഷത്തെ കോഴ്സ്)	500	10,000	50,00,000/-
2	ITI/ITC (2 വർഷത്തെ കോഴ്സ്) - ഒന്നാം വർഷം	1760	10,000	1,76,00,000/-
3	ITI/ITC (2 വർഷത്തെ കോഴ്സ്)- രണ്ടാം വർഷം	1760	10,000	1,76,00,000/-
	ആകെ	**4020**		**4,02,00,000/-**

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗവൺമെന്റ് അംഗീകൃത പ്രൈവറ്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ ഒരു വർഷത്തെ/രണ്ട് വർഷത്തെ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള ഐ.ടി.ഐ/ഐ.ടി.സി (ITI/ITC) സ്കോളർഷിപ്പിനും നൈപുണ്യ പരിശീലനത്തിനുമായി 2026-27 സാമ്പത്തിക വർഷത്തിൽ **'2225-04-277-94 (P)'** എന്ന ശീർഷകത്തിന് കീഴിൽ വകയിരുത്തിയിട്ടുള്ള **582** ലക്ഷം രൂപയിൽ നിന്ന് ഐ.ടി.സി ഫീസ് റീഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ് പദ്ധതിക്ക്, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, **4,02,00,000/- രൂപയുടെ (നാല് കോടി രണ്ട് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (Vide U.O Note No. WW1/119/2026-FIN dated 16/09/2026)
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Cuckoo Abraham
Date: 22-09-2026
12:06:54
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ് - സംസ്ഥാനത്തെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി നടപ്പിലാക്കുന്ന 'മാർഗ്ഗദീപം' സ്കോളർഷിപ്പ് പദ്ധതിക്ക് 2026-27 സാമ്പത്തികവർഷം - ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4694/2026/GAD തീയതി,തിരുവനന്തപുരം, 11-09-2026

പരാമർശം:- 1. 02.06.2026 - തീയതിയിലെ സ.ഉ.(സാധാ) നം: 2715/2026/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

2. ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ 11/08/2026-ലെ MWD/319/2026-S നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്ത് 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി 2024-25 സാമ്പത്തികവർഷം മുതൽ സംസ്ഥാന സർക്കാർ, 'മാർഗ്ഗദീപം സ്കോളർഷിപ്പ്' പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 2026-27 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ "2225-04-277-86-12(P)" എന്ന ശീർഷകത്തിൻ കീഴിൽ 2,200 ലക്ഷം രൂപ (22 കോടി രൂപ) വകയിരുത്തുകയും, പ്രസ്തുത തുകയ്ക്ക് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

(2) മേൽ ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2025-26 സാമ്പത്തികവർഷത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പുമുഖേന വിതരണംചെയ്ത മാർഗ്ഗദീപം സ്കോളർഷിപ്പ് പദ്ധതിയുടെ നടത്തിപ്പിനായി തിരഞ്ഞെടുത്ത ദിവസവേതന ജീവനക്കാർക്ക് വേതനം നൽകുന്നതിനായി ടി തുകയിൽനിന്ന് 92,000/- രൂപ വിനിയോഗിക്കുകയും

ചെയ്തിട്ടുള്ളതാണെന്നും എന്നാൽ, പുതുക്കിയ ബജറ്റിൽ ടി പദ്ധതിക്കായി 2030 ലക്ഷം രൂപ (20.30 കോടി രൂപ) മാത്രമാണ് "2225-04-277-86-12(P)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതെന്നും BIMS/BAMS റിപ്പോർട്ട് പ്രകാരം 22 കോടി അനുവദിച്ചതിൽ 92,000/- ചെലവഴിച്ചതിന്റെ ബാക്കി 21,99,08,000/- രൂപയാണുള്ളതെന്നും ടി സാഹചര്യത്തിൽ 'മാർഗ്ഗദീപം സ്കോളർഷിപ്പ്' പദ്ധതിയുടെ നടത്തിപ്പിനായി ലഭ്യമായ 2030 ലക്ഷം രൂപയിൽനിന്ന് ഇതിനകം വിനിയോഗിച്ച 92,000/- രൂപ കിഴിച്ച്, ബാക്കിയുള്ള 20,29,08,000/- രൂപയ്ക്ക് (ഇരുപതുകോടി ഇരുപത്തൊൻപതുലക്ഷത്തി എണ്ണായിരം രൂപമാത്രം) പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം നൃനപക്ഷ ക്ഷേമ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) പദ്ധതിയുടെ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

ക്രമ നം	ക്ലാസ്സ്	സ്കോളർഷിപ്പുകളുടെ എണ്ണം	ആകെത്തുക
1	1ാം ക്ലാസ്സ്	16,784	2,51,76,000/-
2	2ാംക്ലാസ്സ്	16,784	2,51,76,000/-
3	3ാംക്ലാസ്സ്	16,784	2,51,76,000/-
4	4ാംക്ലാസ്സ്	16,784	2,51,76,000/-
5	5ാംക്ലാസ്സ്	16,784	2,51,76,000/-
6	6ാംക്ലാസ്സ്	16,784	2,51,76,000/-
7	7ാംക്ലാസ്സ്	16,784	2,51,76,000/-
8	8ാംക്ലാസ്സ്	16,784	2,51,76,000/-
9	9ാംക്ലാസ്സ്	16,784	2,51,76,000/-
	ആകെ ഗുണഭോക്താക്കൾ	1,34,272	20,14,08,000/-
	ഭരണപരമായ ചെലവുകൾ		15,00,000/-
	2025-26 ദിവസവേതനക്കാരുടെ വേതനത്തിനായി വിനിയോഗിച്ചത്		92,000/-
	ആകെ തുക		**20,30,00,000/-**

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് 1

മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന **'മാർ ഗ്ലദീപം'** സ്കോളർഷിപ്പ് പദ്ധതിയുടെ 2026-27 സാമ്പത്തികവർഷത്തെ നടത്തിപ്പിനായി '2225-04-277-86-12 (P)' എന്ന ശീർഷകത്തിൽ ലഭ്യമായ 2030 ലക്ഷം രൂപയിൽനിന്ന് വിനിയോഗിച്ച 92,000/- രൂപ കിഴിച്ച്, ബാക്കിയുള്ള 20,29,08,000/- **(ഇരുപതുകോടി ഇരുപത്തൊൻപതുലക്ഷത്തി എണ്ണായിരം രൂപമാത്രം)** രൂപയുടെ ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൺദേവ് എൻ

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ്(Vide U.O Note No. WW1/115/2026/FIN dated 07/09/2026)
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

for സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ന്യൂനപക്ഷ ക്ഷേമ വകുപ്പ് - നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിയ്ക്കുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള മദർ തെരേസ സ്കോളർഷിപ്പ് പദ്ധതി 2026-27 സാമ്പത്തികവർഷം - ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4660/2026/GAD തീയതി,തിരുവനന്തപുരം, 10-09-2026

പരാമർശം:- ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 13/08/2026-ലെ MWD/375/2026-S നമ്പർ കത്ത്.

ഉത്തരവ്

2026-27 സാമ്പത്തികവർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ '2225-04-277-89-12(P)' എന്ന ശീർഷകത്തിൽ ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതികൾ - ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾക്കായി വകയിരുത്തിയ 1047.00 ലക്ഷം രൂപയിൽ നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന വിദ്യാർ ത്ഥികൾ ക്കുള്ള **'മദർ തെരേസ' സ്കോളർഷിപ്പ്** പദ്ധതിക്കായി 68 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശ പ്രകാരം ന്യൂനപക്ഷക്ഷേമ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) പദ്ധതിയുടെ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

ഇനം	തുക(രൂപ)
സ്കോളർഷിപ്പ് തുക: ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം	15,000/-
453 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക	67,95,000/- (453 x 15,000/-)
അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ	5,000/-
ആകെ	**68,00,000/-**

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതികൾ - ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾക്കായി 2026-27 സാമ്പത്തികവർഷം വകയിരുത്തിയ **1047.00 ലക്ഷം** രൂപയിൽനിന്ന് നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള 'മദർ

തെരേസ' സ്കോളർഷിപ്പ് പദ്ധതിക്കായി '2225-04-277-89-12 (P)' എന്ന ശീർഷകത്തിൽ നിന്ന് 68,00,000/- **(അറുപത്തട്ടുലക്ഷം രൂപ മാത്രം)** രൂപയുടെ ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ് എൻ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം, തിരുവനന്തപുരം.
3. ധനകാര്യവകുപ്പ് (Vide U.O Note No. WW1/111/2026-FIN dated 08/09/2026)
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by Cuckoo Abraham
Date: 10-09-2026 13:08:52
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ന്യൂനപക്ഷ ക്ഷേമ വകുപ്പ് - UGC/CSIR-NET പരീക്ഷയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മികച്ച വിദ്യാർത്ഥികളെ വിജയിപ്പിക്കുന്നതിന് ആവശ്യമായ നിലവാരമുള്ള പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് 2026-27 — സാമ്പത്തിക വർഷം- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4889/2026/GAD തീയതി,തിരുവനന്തപുരം, 21-09-2026

പരാമർശം:- ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 11/08/2026-ലെ MWD/321/2026-S നമ്പർ കത്ത്.

ഉത്തരവ്

2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ്, UGC/CSIR-Net Coaching, IIT/IIM/IISc/IMSc എന്നീ പദ്ധതികൾക്കായി 2225-04-277-96-12(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 97 ലക്ഷം രൂപയിൽ നിന്ന്, ഗവേഷണ പ്രവേശനത്തിനും ഉന്നത വിദ്യാഭ്യാസ മേഖലയിലെ അധ്യാപക നിയമനത്തിനും നിർണായകമായ UGC/CSIR-NET പരീക്ഷയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മികച്ച വിദ്യാർത്ഥികളെ വിജയിപ്പിക്കുന്നതിന് ആവശ്യമായ നിലവാരമുള്ള പരിശീലനം നൽകുന്നതിനായി 19,25,000/-(പത്തൊൻപത് ലക്ഷത്തി ഇരുപത്തിയയ്യായിരം രൂപ മാത്രം) അനുവദിക്കുന്നതിനായി പരാമർശ പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(2) പദ്ധതിയുടെ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ഗുണഭോക്താക്കൾ	ചെലവ്	ആകെ തുക
1	യു.ജി.സി/ സി.എസ്.ഐ. ആർ-നെറ്റ്	1200	6,000X12 ദിവസം X24 ബാച്ചുകൾ (പഠനസാമഗ്രികളും മോഡൽ പരീക്ഷയും ഉൾപ്പെടെ) പരിശീലന കേന്ദ്രങ്ങളുടെ	17,28,000/-

	പരിശീലനം		ഭരണച്ചെലവ് 8000X24 കോളേജുകൾക്ക്	1,92,000/-
2	ഡയറക്ടറേറ്റിന്റെ ഭരണച്ചെലവ്			5,000/-
	ആകെ	**1200**		**19,25,000/-**

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ്, UGC/CSIR-Net Coaching, IIT/IIM/IISc/IMSc എന്നീ പദ്ധതികൾക്കായി **'2225-04-277-96-00-12 (P)'** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 97 ലക്ഷം രൂപയിൽ നിന്ന്, ഗവേഷണ പ്രവേശനത്തിനും ഉന്നത വിദ്യാഭ്യാസ മേഖലയിലെ അധ്യാപക നിയമനത്തിനും നിർണായകമായ UGC/CSIR-NET പരീക്ഷയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മികച്ച വിദ്യാർത്ഥികളെ വിജയിപ്പിക്കുന്നതിന് ആവശ്യമായ നിലവാരമുള്ള പരിശീലനം നൽകുന്ന പദ്ധതിക്ക്, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, **19,25,000/- (പത്തൊൻപത് ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപ മാത്രം)** രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ , ന്യൂനപക്ഷ ക്ഷേമ വകുപ്പ് , വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (Vide U.O Note No. WW1/118/2026-FIN dated 16/09/2026)
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Digitally signed by Cuckoo Abraham
Date: 22-09-2026 11:05:53
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ന്യൂനപക്ഷക്ഷേമ വകുപ്പ്

നമ്പർ:-MW1/187/2026-GAD 16-10-2026,

തിരുവനന്തപുരം.

സ്പെഷ്യൽ സെക്രട്ടറി.

ഡയറക്ടർ,
ന്യൂനപക്ഷക്ഷേമ വകുപ്പ് ,
വികാസ്ഭവൻ,
തിരുവനന്തപുരം.

സർ,

വിഷയം:- ന്യൂനപക്ഷക്ഷേമ വകുപ്പ് -ഉറുദു സ്കോളർഷിപ്പ് - 2225-04-102-92-12 സ്കോളർഷിപ്പ് (നോൺപ്ലാൻ) ശീർഷകം അനുവദിക്കുന്നത് -സംബന്ധിച്ച്

സൂചന:- 1.താങ്കളുടെ 14/09/2026-ലെ MWD/428/2026-S നമ്പർ കത്ത്.
2.05/10/2026-ലെ G.O(RT) No. 7662/2026/FIN നമ്പർ ഉത്തരവ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2026-27 സാമ്പത്തിക വർഷത്തെ ഉറുദു സ്കോളർഷിപ്പ് നൽകുന്നതിനായി '2225-04-102-92-12' സ്കോളർഷിപ്പ് ശീർഷകത്തിൽ 7,96,000/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റാറായിരം രൂപ മാത്രം) രൂപ അനുവദിച്ച് സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
SACHIN V R
അണ്ടർ സെക്രട്ടറി
സ്പെഷ്യൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Digitally signed by Cuckoo Abraham
Date: 16-10-2026 16:37:25
സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ന്യൂനപക്ഷ ക്ഷേമ വകുപ്പ് - 2026-27 സാമ്പത്തിക വർഷം ന്യൂനപക്ഷങ്ങൾക്കായുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.4871/2026/GAD തീയതി,തിരുവനന്തപുരം, 19-09-2026

പരാമർശം:- ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 11/08/2026-ലെ MWD/367/2026-S നമ്പർ കത്ത്.

ഉത്തരവ്

2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപ പദ്ധതികൾക്കുമായി 2225-04-277-91-12 (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 800 ലക്ഷം രൂപയിൽ നിന്ന് എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി/ പ്ലസ് ടു/ വി.എച്ച്.എസ്.ഇ കോഴ്സുകൾക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും, ബിരുദത്തിന് 80%- മാർക്ക് നേടിയവർക്കും, ബിരുദാനന്തര ബിരുദത്തിന് 75%- മാർക്ക് നേടിയവർക്കും നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡിനായി 6,45,00,000/-രൂപ (ആറു കോടി നാല്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശ പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) പദ്ധതിയുടെ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി	സ്കോളർഷിപ്പ് തുക (രൂപ)	ഗുണഭോക്താക്കളുടെ എണ്ണം	ആകെ തുക (രൂപ)
1	പ്രൊഫ. ജോസഫ് മുണ്ടശ്ശേരിസ്കോളർഷിപ്പ് അവാർഡ്(SSLC/PLUS TWO/VHSC വിദ്യാർത്ഥികൾ	10,000/-	5100	5,10,00,000/-
2	പ്രൊഫ. ജോസഫ് മുണ്ടശ്ശേരിസ്കോളർഷിപ്പ് അവാർഡ്(UG/PG വിദ്യാർത്ഥികൾ)	15,000/-	900	1,35,00,000/-
	ആകെ		6000	6,45,00,000/-

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി/ പ്ലസ് ടു/ വി.എച്ച്.എസ്.ഇ കോഴ്സുകൾക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും, ബിരുദത്തിന് 80% മാർക്ക് നേടിയവർക്കും,

ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടിയവർക്കും നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് പദ്ധതിക്കായി, പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും, അർഹരായ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഫണ്ട് വിനിയോഗം പരിമിതപ്പെടുത്തണമെന്ന നിബന്ധനയ്ക്കും വിധേയമായി '2225-04-277-91-12 (P)' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 800 ലക്ഷം രൂപയിൽ നിന്ന് **6,45,00,000/-രൂപയ്ക്ക് (ആറു കോടി നാൽപ്പത്തഞ്ച് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

- ഡയറക്ടർ , ന്യൂനപക്ഷ ക്ഷേമ വകുപ്പ് , വികാസ് ഭവൻ, തിരുവനന്തപുരം.
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II & എ&ഇ) കേരളം , തിരുവനന്തപുരം.
- ധനകാര്യ വകുപ്പ് (Vide U.O Note No. WW1/117/2026-FIN dated 15/09/2026)
- കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Digitally signed by Cuckoo Abraham
Date: 19-09-2026 11:50:12
സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Minority Welfare Department – "Overseas Scholarship – (New Scheme) for Minority Students" for the FY 2026-27 – Administrative Sanction Accorded – Orders Issued.

MINORITY WELFARE DEPARTMENT

G.O.(Rt)No.3737/2026/GAD Dated,Thiruvananthapuram, 25-07-2026

Read 1. Letter No. MWD/517/2026-S dated 04/07/2026 submitted by the Director, Minority Welfare Department.

2. Minutes of the Working Group Meeting held on 15/07/2026.

ORDER

As per the reference read (1) above, the Director, Minority Welfare Department submitted a proposal "Overseas Scholarship – (New Scheme) for Minority Students" for an amount of ₹2,00,00,000/- (Rupees Two Crore only) under the Head of Account 2225-04-277-84-12 (P) for the financial year 2026–27.

2. The Working Group meeting held on 15/07/2026 considered the proposal and approved the same for an amount of ₹2,00,00,000/- (Rupees Two Crore only) with certain conditions.

3. Government have examined the matter in detail and are pleased to accord Administrative Sanction for the project "**Overseas Scholarship – (New Scheme) for Minority Students" for an amount of ₹2,00,00,000/- (Rupees Two Crore only) under the Head of**

Account '2225-04-277-84-12 (P)' for the financial year 2026–27, subject to the following condition that the Director, Minority Welfare Department shall furnish a detailed and clear proposal incorporating necessary modifications in the Guidelines of the project proposal after conducting a workshop with all the stakeholders including KSMDFC (Kerala State Minorities Development Finance Corporation) in the matter.

(By order of the Governor)
DR D SAJITH BABU I A S
SPECIAL SECRETARY

To:
1.The Director, Minority Welfare Department, Thiruvananthapuram.
2.The Principal Accountant General (A&E/Audit), Kerala, Thiruvananthapuram.
3. Finance Department
4 Planning & Economic Affairs Department
5. Information & Public Relations Department (Web & New Media Department.
6. Stock File / Office Copy.

Forwarded /By order
Digitally signed by Cuckoo Abraham
Date: 27-07-2026 10:30:36
Section Officer

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ്- **2026-27** സാമ്പത്തിക വർഷം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന 'കരിയർ ഗൈഡൻസ് പ്രോഗ്രാം (പാസ്സ് വേർഡ്) പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ന്യൂനപക്ഷക്ഷേമ വകുപ്പ്

സ.ഉ.(സാധാ) നം.5371/2026/GAD തീയതി,തിരുവനന്തപുരം, 17-10-2026

പരാമർശം:- ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ 06/07/2026-ലെ MWD/376/2026-P1 നമ്പർ കത്ത്.

ഉത്തരവ്

ന്യൂനപക്ഷ വിഭാഗത്തിലെ ഹൈസ്കൂൾ-ഹയർ സെക്കൻഡറി, ബിരുദ തലങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ ഉപരിപഠന മേഖലകൾ തിരഞ്ഞെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന കരിയർ ഗൈഡൻസ് പ്രോഗ്രാം (പാസ്സ് വേർഡ്) പദ്ധതിക്കായി **2026-27** സാമ്പത്തിക വർഷത്തെ **2225-04-277-95 (P)** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **1,20,00,000/- (ഒരു കോടി ഇരുപതു ലക്ഷം രൂപ മാത്രം)** അനുവദിക്കുന്നതിനായി പരാമർശ കത്ത് പ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

(2) പദ്ധതിയുടെ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കണ്ടാലും.

ക്രമ നം	ഇനം	തുക(രൂപ)
1	ഘട്ടം **1.** ട്യൂണിംഗ്**(Evolving)** ഏകദിന ക്യാമ്പുകൾ	**66,60,000/-**
2	ഘട്ടം**2.** ഫ്ളവറിംഗ് **(Transforming)** ദ്വിദിന ക്യാമ്പുകൾ	**21,36,000/-**
3	ഘട്ടം **3.** എക്സ്പ്ലോറിംഗ് പ്രീ ക്യാമ്പ്	**1,41,000/-**
4	എക്സ്പ്ലോറിംഗ് ഇന്ത്യ **10** ദിവസത്തെ യാത്ര	**25,78,000/-**
5	വൈൻഡ് അപ്പ് ഏകദിന ക്യാമ്പ്	**1,10,000/-**
6	മറ്റ് ചെലവുകൾ	**3,75,000/-**
	ആകെ	**1,20,00,000/-**

(3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ന്യൂനപക്ഷ വിഭാഗത്തിലെ ഹൈസ്കൂൾ-

File No. MWD/376/2026-P1 (Computer No. 207783)

Generated from eOffice by MAHEEN SHAHEED, P1 DMW, P1 DMW, Directorate of Minority Welfare on 26/10/2026 11:19 AM

ഹയർ സെക്കൻഡറി, ബിരുദ തലങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ ഉപരിപഠന മേഖലകൾ തിരഞ്ഞെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന കരിയർ ഗൈഡൻസ് പ്രോഗ്രാം (പാസ്സ് വേർഡ്) പദ്ധതിക്കായി **2026-27** സാമ്പത്തിക വർഷത്തെ **2225-04-277-95 -Career Guidance Programmes for Minority Students (PV)** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **1,20,00,000/- (ഒരു കോടി ഇരുപതു ലക്ഷം രൂപ മാത്രം)** വിനിയോഗിക്കുന്നതിന് ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് **I/II &** എ **&**ഇ), കേരള, തിരുവനന്തപുരം.
3.ധനകാര്യ വകുപ്പ് **(Vide U.O No:- WW1/134/2026/FIN dated 17/10/2026)**
4.കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Cuckoo Abraham
Date: 22-10-2026
12:51:27
സെക്ഷൻ ഓഫീസർ

File No. MWD/376/2026-P1 (Computer No. 207783)
Generated from eOffice by MAHEEN SHAHEED, P1 DMW, P1 DMW, Directorate of Minority Welfare on 26/10/2026 11:19 AM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ (ന്യൂനപക്ഷക്ഷേമ വകുപ്പ്) - ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവ/വിവാഹ ബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതി (2026-27)- ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

സ.ഉ.(സാധാ) നം.3295/2026/GAD തീയതി,തിരുവനന്തപുരം, 01-07-2026

പരാമർശം:- 1. 23.04.2026 തീയതിയിലെ ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ MWD/323/2026-P1 നമ്പർ കത്ത്.

2. ഇ-അനുമതി നമ്പർ AS/MWD/26/51395

ഉത്തരവ്

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി/ പുനരുദ്ധാരണ പദ്ധതിയ്ക്കായി 2026-27 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 5 കോടി രൂപ '2225-04-283-99 (P)' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തികവർഷം ഭരണാനുമതിലഭിച്ച 718 പുനരുദ്ധാരണ ഭവനങ്ങൾക്ക് തിരഞ്ഞടുക്കപ്പെട്ട ഗുണഭോക്താക്കളുമായി കരാർ പൂർത്തീകരിക്കുകയും, പദ്ധതിക്ക് അനുവദിക്കേണ്ട ആദ്യ ഗഡു (718 X25000/-) ₹1,79,50,000/- (ഒരു കോടി എഴുപത്തി ഒൻപത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) BAMS മുഖേന ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് 2026 ഫെബ്രുവരി 15, മാർച്ച് 4 കാലയളവുകളിലായി അനുവദിച്ച് ഉത്തരവായിരുന്നെങ്കിലും പദ്ധതി ശീർഷകത്തിൽ ഉണ്ടായിരുന്ന ട്രഷറി സീലിംഗ് കാരണം ജില്ലകളിലെ ഗുണഭോക്താക്കൾക്ക് നിശ്ചിത സമയത്തിനകം BAMS allocation അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടാവുകയും 2026 മാർച്ച് 19-ന് സിലിംഗ് ഉയർത്തിയതനുസരിച്ച് മാത്രമാണ് ജില്ലകൾക്ക് പദ്ധതിയുടെ ആദ്യ ഗഡു allocation നൽകാൻ കഴിഞ്ഞിട്ടുള്ളതെന്നും, ഇത് ഗുണഭോക്താക്കൾക്ക് സാമ്പത്തിക വർഷത്തിനുള്ളിൽ 2-ാം ഗഡു അനുവദിക്കുന്നതിനുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും കൂടാതെ, ചില ജില്ലകൾക്ക് ഒന്നാം ഗഡു തുകയും അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും പ്രസ്തുത ചെലവുകൾക്ക് നടപ്പവർഷം 223.50 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളതെന്നും, അതിനാൽ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതിയ്ക്ക് 2026-27 സാമ്പത്തിക വർഷം

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ അനുവദിക്കണമെന്നും മേൽ പരാമർശ പ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

പദ്ധതിക്കാവശ്യമായ തുക

ഇനം	പദ്ധതി	തുക (ലക്ഷത്തിൽ)
1	ഭവന പുനരുദ്ധാരണ പദ്ധതി (Spillover) 2025-26	223.5
2	ഭവനപദ്ധതി (Spillover)	6.5
3	ഭവന പുനരുദ്ധാരണ പദ്ധതി (2026-27) 540 ഭവനങ്ങളുടെ പുനരുദ്ധാരത്തിന്	270
	ആകെ	**500**

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിധവ/വിവാഹബന്ധം വേർപെടുത്തിയ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കായി നടപ്പിലാക്കുന്ന ഇമ്പിച്ചി ബാവ ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതിക്കായി 2026-27 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച 5 കോടി രൂപ ചുവടെച്ചേർക്കുന്ന നിബന്ധനകളോടെ '2225-04-283-99(P)' എന്ന ശീർഷകത്തിൽനിന്ന് വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.ഇതിനായി അനുവദിച്ചിട്ടുള്ള ബന്ധപ്പെട്ട ശീർഷകത്തിൽനിന്ന് ചെലവ് വഹിക്കേണ്ടതാണ്.

2.ഫണ്ട് റിലീസ് യഥാർത്ഥ ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കേണ്ടതാണ്, കൂടാതെ, ടി തുക ബാങ്കിൽ തങ്ങിനിൽക്കാൻ അനുവദിക്കരുത്.

3. ഗുണഭോക്താക്കളിൽനിന്ന് സ്റ്റേജ് സർട്ടിഫിക്കറ്റ് കൃത്യമായി വാങ്ങേണ്ടതും, വീടിന്റെ പുരോഗതി സംബന്ധിച്ച് ഫോട്ടോ അടക്കമുള്ള വിവരങ്ങൾ അതത് കലക്ടറേറ്റുകളിൽ സൂക്ഷിക്കേണ്ടതുമാണ് .

3) ന്യൂനപക്ഷക്ഷേമ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടതും റവന്യൂ വകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹായത്തോടുകൂടി നിരീക്ഷിക്കേണ്ടതുമാണ്. കൂടാതെ, ന്യൂനപക്ഷക്ഷേമ ഡയറക്ടർ, ന്യൂനപക്ഷ ജനതയ്ക്കായുള്ള പരിശീലന കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ, അതത് ജില്ലാ

കളക്ടറേറ്റിലെ ന്യൂനപക്ഷ സെക്ഷൻ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും പദ്ധതിയുടെ നിരീക്ഷണം നടത്തേണ്ടതും ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ് എൻ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം.
2. ധനകാര്യ വകുപ്പ്.
3. മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
4. റവന്യൂ വകുപ്പ്
5. തദ്ദേശ സ്വയംഭരണ വകുപ്പ്
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
7. എല്ലാ ജില്ലാ കലക്ടർമാർക്കും
8. എല്ലാ ജില്ലാ ട്രഷറികൾക്കും
9. കരുതൽ ഫയൽ (MW2/76/2026-GAD)

ഉത്തരവിൻ പ്രകാരം
Signed by
Cuckoo Abraham
Date: 01-07-2026 17:02:31
ഡെപ്യൂട്ടി സെക്രട്ടറി

Guidelines of APJ Abdul Kalam (APJAK) Scholarship 2026–27

Applications are invited to support the education of students belonging to notified minority communities (Muslims, Christians (all sects), Sikhs, Buddhists, Jains, and Parsis) studying for a three-year diploma course in Government/ Aided or Government-recognized self-financing Polytechnic Colleges in Kerala.

The scholarship amount is **₹6,000 per student** for the academic year.

Eligibility criteria

- Students who have secured admission on merit seats in Government/Aided or Government-recognized self-financing polytechnics can apply.
- Preference will be given to students belonging to the BPL category. In the absence of BPL applicants, APL category students with an annual family income up to ₹8,00,000 from the minority communities will also be considered.
- The applicant must be a permanent resident of Kerala.
- 30% of the scholarships are reserved for female students. If the quota for female students is not filled, male students will be considered.
- Minority students will be selected on the basis of family annual income and marks, in proportion to the population.
- The scholarship will be granted only once. Those who applied for and received the scholarship in the previous years need not apply again. Second- and third-year students will also be considered for the scholarship.

How to apply

1. **Click on "One-time registration" on the website www.mwdscholarship.kerala.gov.in.**
2. Register by providing basic details such as the student's name, Aadhaar, and phone number, then log in.
3. Complete your profile by entering the student's personal details, bank

account information, and details of the current educational institution. Afterward, add your previous educational qualifications using the 'Add Qualification' option.

4. Click on 'Apply For Scholarship' and select the appropriate scholarship.
5. Upload your Photo, Signature, SSLC Certificate, Income Certificate, Bank Passbook, and Allotment Memo, then submit the application.
6. After submission, you can check the status of your application by going to the 'Submitted Applications' section.

Documents to be submitted

- Printout of the applicant registration form.
- Copy of SSLC, Plus Two/VHSE mark list, etc.
- Copy of Allotment Memo.
- Copy of the first page of the bank passbook in the applicant's name (must include name, account number, IFSC code, and branch address).
- Copy of Aadhaar card
- Copy of Community Certificate/Minority Certificate.
- Income Certificate (authenticated) from the Village Office.
- Copy of Ration Card.

For the attention of heads of institutions

- The documents submitted by applicants should be verified online by the Head of Institution or an officer designated by them.
- Applications verified online must be approved by the Head of Institution.
- The Head of Institution must ensure the authenticity of all documents.
- The Head of Institution should verify that the bank account details (account number, IFSC code, bank name, and branch name) are correct. The Department will not be responsible if a student's scholarship is

rejected due to incorrect bank details.

- Applications must be verified and approved by the Head of Institution within the date specified in the notification. Failure to do so may result in the Head of Institution being held responsible.
- Applications verified and approved online in Government/Aided Institutions should be retained at the respective institutions. Applications from self-financing Polytechnics should be sent, either in person or by post to: Directorate of Minority Welfare, 4th Floor, Vikas Bhavan, Thiruvananthapuram – 695033.

Closing date

1. Last date for students to apply online: **25.11.2026.**
2. Last date to submit the online registration printout and other supporting documents to the Head of the Institution: **28.11.2026.**
3. Last date for the Heads of Institutions to scrutinize the applications and provide online approval: **30.11.2026.**
4. Last date for the Heads of Institutions (Self-financing Polytechnics) to forward the approved applications to the Directorate of Minority Welfare: **05.12.2026**

Digitally signed by
DEVIDAS N
Date: 12-10-2026
15:21:10

DEVIDAS N IAS

DIRECTOR

Guidelines for Chief Minister's Research Fellowship for Minorities 2025–26

- The fellowship supports students belonging to the minority communities **(Muslim, Christian (all sects), Sikh, Buddhist, Jain, and Parsi)** as notified under Section 2 of the National Commission for Minorities Act, 1992 who are regular (full time) **Ph.D.** scholars in universities/institutions recognised by the University Grants Commission (UGC)."
- The aim is to help financially weak but meritorious students to complete their research successfully.
- The Scholarship amount is **₹2,40,000 per year.** The student will be eligible to receive the fellowship for 3 times (Maximum up to 5 years i.e., 3 times during the course period of 5 years), depending on satisfactory progress. i.e., "consolidated amount of ₹20,000 per month").

Eligibility Criteria

1. Students who are **enrolled in a regular, full-time,** pursuing **Ph.D. programme** in a recognized Government or Government-aided institution in India during **2025–26**.
2. Preference will be given to students belonging to the BPL category. In the absence of BPL applicants, **APL students** with income below the government limit may be considered.
3. Ensure that **only one member per family** applies for this fellowship.
4. The applicant must be a **permanent resident of Kerala** (Non-Resident Keralites are not eligible).
5. The applicant must be below 40 years of age as on 01.10.2025. **Relaxation in the upper age limit to be received for candidates belonging to specific categories, such as persons with Disabilities (PwD) and women.**
- The applicant shall be informed online regarding the provisional approval of the application, ordinarily within one month of completion of scrutiny.,
- The scholarship shall be released in three instalments:
  - **First Instalment (50%):** On verification of the offer/joining letter and valid student visa, and after execution of the prescribed legal agreement/bond.
  - **Second Instalment (30%):** On submission and verification of the first-year academic completion/continuation certificate issued by the foreign institution.
  - **Third Instalment (20%):** On successful completion of the academic programme and submission of the final course completion certificate.

10. Selection Committee

The final selection of candidates shall be made by a Committee chaired by the Secretary, Department of Minority Welfare, with the Director, Directorate of Minority Welfare as Convener, and the Managing Director of KSMDFC, Additional Secretary/Joint Secretary of Minority Welfare Department, and Additional Secretary/Joint Secretary of Higher Education Department as Members.

11. Mandatory Terms, Legal Bond & Recovery

- Every selected candidate shall execute the prescribed agreement on a ₹200 non-judicial stamp paper before release of the first instalment.
- The scholarship amount disbursed shall be liable to be recovered in full, together with applicable legal interest, in the event of discontinuation/abandonment of the course, violation of the regulations of the foreign institution, or renunciation of Indian citizenship during the scholarship period.

Digitally signed by
DEVIDAS N
Date: 26-10-2026
15:24:43

DEVIDAS N IAS

DIRECTOR

അനുബന്ധം - 2

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

1. സ്വയം തൊഴിൽ വായ്പ(എൻ.എം.ഡി.എഫ്.സി.)

ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ള യോഗ്യരായവർക്ക് നിയമ വിധേയമായ ചുവടെ ചേർക്കുന്ന തൊഴിൽ പ്രവർത്തനങ്ങൾക്കാണ് പ്രധാനമായും വായ്പ നൽകി വരുന്നത്.

- കൃഷി, കോഴി വളർത്തൽ,കന്നുകാലി വളർത്തൽ, മുതലായവ
- മീൻ വളർത്തൽ, മദ്ധ്യബന്ധനവും വിൽപനയും
- പരമ്പരാഗത, കരകൗശല മേഖലകൾ
- ചെറുകിട വ്യവസായ/കച്ചവട സംരഭങ്ങൾ
- ഗതാഗത സേവനം
- ചെറുകിട സാങ്കേതിക മേഖലകൾ

Credit line 1

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ചെറുകിട സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് പരമാവധി 20 ലക്ഷം രൂപവരെ വായ്പ ലഭിക്കും. 6% പലിശനിരക്കിൽ, 60 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷത്തിൽ താഴെ. പ്രായപരിധി 56 വയസ്സ്.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ മൊറട്ടോറിയ (ആറുമാസം) ത്തിന് ശേഷമോ മുൻപോ തിരിച്ചടവ് ആരംഭിക്കേണ്ടതും മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുളളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതുമാണ്.

Credit line 2

സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് പരമാവധി 30 ലക്ഷം രൂപവരെ വായ്പ ലഭിക്കും. സ്ത്രീ 6%, പുരുഷൻ 8% പലിശ നിരക്കിൽ, 60 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 56 വയസ്സ്.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ മൊറട്ടോറിയ (ആറുമാസം) ത്തിന് ശേഷമോ മുൻപോ തിരിച്ചടവ് ആരംഭിക്കേണ്ടതും മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുളളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

2. വിദ്യാഭ്യാസ വായ്പ (എൻ.എം.ഡി.എഫ്.സി)

Credit line 1

പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്ത് പഠിക്കാൻ ഒരു വർഷം പരമാവധി 4 ലക്ഷം രൂപ കണക്കിൽ 20 ലക്ഷം രൂപയും വിദേശത്ത് പഠിക്കാൻ ഒരു വർഷം പരമാവധി 6 ലക്ഷം രൂപ കണക്കിൽ 30 ലക്ഷം രൂപ വരെയും വായ്പ അനുവദിക്കും. കോളേജ് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പ രീക്ഷാ ഫീസ്, ഹോസ്റ്റൽ ചെലവുകൾ എന്നീ ഇനങ്ങളിലാണ് തുക അനുവദിക്കുന്നത്. കേന്ദ്ര/ സംസ്ഥാന സർക്കാർ, UGC, AICTE, MCI, തുടങ്ങിയ സ്ഥാപനങ്ങൾ അംഗീകരിച്ച കോഴ്സുകൾ മാത്രമേ പരിഗണിക്കുകയുളളൂ. 3% ശതമാനമാണ് പലിശ നിരക്ക്. 60 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷത്തിൽ താഴെ. പ്രായപരിധി 16 മുതൽ 32 വയസ്സ് വരെ.

ജോലി ലഭിക്കുന്ന മുറക്ക്/ കോഴ്സ് കഴിഞ്ഞതിന് ശേഷം നിർബന്ധമായും മൊറട്ടോറിയ (ആറുമാസം) ത്തിന് ശേഷം തിരിച്ചടവ് ആരംഭിക്കേണ്ടതും മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുളളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

Credit line 2

പ്രാഫഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പഠിക്കാൻ സ്ത്രീ 5%, പുരുഷൻ 8% പലിശനിരക്കിൽ സ്വദേശത്ത് പഠിക്കാൻ ഒരു വർഷം പരമാവധി 4 ലക്ഷം രൂപ കണക്കിൽ 20 ലക്ഷം രൂപ വരെയും, വിദേശത്ത് പഠിക്കാൻ ഒരു വർഷം പരമാവധി 6 ലക്ഷം രൂപ കണക്കിൽ 30 ലക്ഷം രൂപ വരെയും വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ. പ്രായ പരിധി 16 മുതൽ 32 വയസ്സ് വരെ. ജോലി ലഭിക്കുന്ന മുറക്ക്/ കോഴ്സ് കഴിഞ്ഞതിന് ശേഷം നിർബന്ധമായും മൊറട്ടോറിയ (ആറുമാസം) ത്തിന് ശേഷം തിരിച്ചടവ് ആരംഭിക്കേണ്ടതും മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുളളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

3. **മൈക്രോ ഫിനാൻസ്** (എൻ.എം.ഡി.എഫ്.സി)

പഞ്ചായത്ത്-മുൻസിപ്പൽ CDS മുഖേനയും നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന മൂന്ന് വർഷത്തേ പ്രവർത്തനമികവുള്ള NGO/സന്നദ്ധ സംഘടനകൾ വഴിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. വായ്പകാർക്ക് ഈട് ആവശ്യമില്ല. സന്നദ്ധ സംഘടനകൾക്ക് ചുരുങ്ങിയത് ആറു മാസമെങ്കിലും പ്രായമുള്ള സ്വയം സഹായഗ്രൂപ്പുകൾ ഉണ്ടായിരിക്കണം. കുടുംബശ്രീ, അയൽകൂട്ടങ്ങൾ വഴി ഏറ്റവും ദരിദ്രരായവർക്ക് വരുമാന ദായകമായ ഏതെങ്കിലും ചെറുകിട സംരംഭങ്ങളിലോ തൊഴിലുകളിലോ ഏർപ്പെടുന്നതിന് വേണ്ടി കുറഞ്ഞ തുക വേഗത്തിലും നടപടിക്രമങ്ങൾ ഒഴിവാക്കികൊണ്ടും ലഭ്യ മാക്കുക എന്നുള്ളതാണ് മൈക്രോ ഫിനാൻസ് കൊണ്ടു ഉദ്ദേശിക്കുന്നത്. വ്യക്തിഗത ഗുണഭോക്താ വിന്റെ അപേക്ഷയോ ജാമ്യമോ ആവശ്യമില്ല. CDS/ NGO ഗ്രൂപ്പിൽ 75 ശതമാനം ന്യൂനപക്ഷ വിഭാഗ ങ്ങളിൽപ്പെട്ടവരായിരിക്കണം. പഞ്ചായത്ത്-മുൻസിപ്പൽ തല CDS കൾക്ക് മുൻഗണന നൽകും. NGO കൾക്കുള്ള വായ്പാ തുക നിശ്ചയിക്കുന്നത് അവയുടെ പ്രവർത്തന പാരമ്പര്യവും സംഘ ത്തിന്റെ വാർഷിക മൊത്തം ആസ്തി (നെറ്റ് വർത്തും) കണക്കിലെടുത്തായിരിക്കും വായ്പ അനുവദിക്കുന്നത്. ഒരു അയൽക്കൂട്ടത്തിന് അനുവദിക്കുന്ന വായ്പ തുക നിശ്ചയിക്കുന്നത് താഴെ പറയും പ്രകാരമായിരിക്കും.

	കുടുംബ വാർഷിക വരുമാനം	പരമാവധി തുക (20 അംഗങ്ങൾ ഉള്ള ഒരു SHG യ്ക്ക്)	കാലാവധി
Credit line 1	3 ലക്ഷം വരെ	20 ലക്ഷം	3 വർഷം
Credit line 2	3 ലക്ഷം മുതൽ 8 ലക്ഷം വരെ	30 ലക്ഷം	

അയൽക്കൂട്ടത്തിന്റെ മിച്ച സമ്പാദ്യത്തിന്റെ (thrift) * 5 ഇരട്ടിയിൽ നിന്നും ലിങ്കേജ് വായ്പ കുറച്ചു ള്ള തുകയോ മുകളിലെ പട്ടിക പ്രകാരമുള്ള തുകയോ ഏതാണോ കുറവ് അതായിരിക്കും പരമാവധി വായ്പ തുകയായി കണക്കാക്കുന്നത്. NGO/ CDS എന്നിവർക്കുള്ള പലിശ നിരക്ക് 4% ആയിരിക്കും.

4. <u>സ്വയം തൊഴിൽ വായ്പ</u>

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ചെറുകിട സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് പരമാവധി 20 ലക്ഷം രൂപവരെ വായ്പ ലഭിക്കും. 8% പലിശനിരക്കിൽ, 84 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാന പരിധി 15 ലക്ഷത്തിൽ താഴെയാവണം. പ്രായ പരിധി 18 മുതൽ 58 വയസ്സ് വരെ. അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ മൊറട്ടോറിയ (ഒരുമാസം)ത്തിന് ശേഷമോ മുൻപോ തിരിച്ചടവ് ആരംഭിക്കേണ്ടതും മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്. ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ള യോഗ്യരായവർക്ക് നിയമ വിധേ യമായ ചുവടെ ചേർക്കുന്ന തൊഴിൽ പ്രവർത്തനങ്ങൾക്കാണ് പ്രധാനമായും വായ്പ നൽകി വരു ന്നത്.

- കൃഷി, കോഴി വളർത്തൽ,കന്നുകാലി വളർത്തൽ, മുതലായവ
- മീൻ വളർത്തൽ, മത്സ്യബന്ധനവും വിൽപനയും
- പരമ്പരാഗത, കരകൗശല മേഖലകൾ
- ചെറുകിട വ്യവസായ/കച്ചവട സംരഭങ്ങൾ
- ഗതാഗത സേവനം
- ചെറുകിട സാങ്കേതിക മേഖലകൾ

5. <u>ബിസിനസ്സ് വിപുലീകരണ വായ്പ</u>

സ്വയം തൊഴിൽ സംരംഭകരുടെ നിലവിലുള്ള ബിസിനസ്സ് വിപുലീകരിക്കുന്നതിനുള്ള വായ് പാ പദ്ധതിക്ക് 60 മാസ കാലാവധിയിൽ 8% പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ വായ്പ ലഭിക്കും. കുറഞ്ഞത് 6 മാസമെങ്കിലും ബിസിനസ്സ് നടത്തിവരു ന്നവരായിരിക്കണം. കുടുംബ വാർഷിക വരുമാന പരിധി 15 ലക്ഷത്തിൽ താഴെ, പ്രായപരിധി 56 വയസ്സ്.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ മൊറട്ടോറിയ (ഒരുമാസം) ത്തിന് ശേഷമോ മുൻപോ തിരിച്ചടവ് ആരംഭിക്കേണ്ടതും മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

6. <u>പേരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ)</u>

കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി രക്ഷിതാക്കൾക്കുള്ള വായ്പയാണ് പേരന്റ് പ്ലസ്. 60 മാസ കാലാവധിയിൽ 7% പലിശനിരക്കിൽ പരമാവധി 20 ലക്ഷം രൂപ വരെ അനുവദിക്കും.

കുടുംബ വാർഷിക വരുമാന പരിധി ബാധകമല്ല. കോളേജ് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പ രീക്ഷാ ഫീസ്, ഷോ മണി, ഹോസ്റ്റൽ ചെലവുകൾ എന്നീ ഇനങ്ങളിലാണ് തുക അനുവദി ക്കുന്നത്. പ്രായ പരിധി 65 വയസ്സ്.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ മൊറട്ടോറിയ (മൂന്നുമാസം) ത്തിന് ശേഷമോ മുൻപോ മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

7. പ്രവാസി വായ്പ

വിദേശത്ത് നിന്ന് തിരിച്ചെത്തിയവർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള വായ്പ ക്ക് പരമാവധി 10 ലക്ഷം രൂപ വരെ യഥാക്രമം 5% പലിശനിരക്കിൽ 84 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 58 വയസ്സ്. വിദേശത്ത് നിന്ന് തിരിച്ചെത്തിയതിനു ശേഷം ഒരു വർഷത്തിനുള്ളിൽ നൽകുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ അടുത്ത മാസം മുതൽ മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

8. വിസ വായ്പ

വിദേശ നാടുകളിൽ ജോലിനേടുന്നതിനാണ് വിസാ വായ്പ അനുവദിക്കുന്നത്. 84 മാസ കാലാവധിയിൽ 5% പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ വായ്പ ലഭിക്കും. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 58 വയസ്സ്.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ അടുത്ത മാസം മുതൽ മാസയടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

9. ഭവന വായ്പ

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമിക്കുന്നതിന് 84 മാസ കാലാവധിയിൽ പരമാവധി 10 ലക്ഷം രൂപ വരെ 6% പലിശ നിരക്കിൽ വായ്പ നൽകും. കോർപ്പറേഷന്റെ വിവേചനധികാരത്തിനനുസൃതമായി രണ്ടോ മൂന്നോ ഗഡുക്കളായാണ് വായ്പ തുക അനുവദിക്കുന്നത്. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 58 വയസ്സ്. ഭവനത്തിന്റെ പ്രധാന പരിപാലനത്തിന് 5 ലക്ഷം രൂപ വരെ വായ്പ അനുവദി ക്കുന്നതായിരിക്കും.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ അടുത്ത മാസം മുതൽ മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

10. <u>ഉദ്യോഗസ്ഥ വായ്പ (വിവിധോദ്ദേശം)</u>

സംസ്ഥാനത്തെ സർക്കാർസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 6 ലക്ഷത്തിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് നടപ്പിലാക്കുന്ന വായ്പാ പദ്ധതിയാണിത്. 55 വയസ്സ് തികയാത്ത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ മക്കളുടെ പ്രൊഫഷണൽ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം, കുടുംബാംഗങ്ങളുടെ ചികിത്സാ ചെലവ്, വീട് പുനരുദ്ധാരണം, സ്വന്തം ആവശ്യത്തിനുള്ള വാഹനം വാങ്ങൽ തുടങ്ങിയ വിവിധോദ്ദേശങ്ങൾക്കായി പരമാവധി 5 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ വായ്പ നൽകും.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ അടുത്ത മാസം മുതൽ മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

11. <u>മദ്രസ്സ അദ്ധ്യാപകർക്കുള്ള പലിശരഹിത ഭവന വായ്പ</u>

മദ്രസ്സ ക്ഷേമനിധിയിൽ അംഗത്വമുള്ള മദ്രസ്സ അദ്ധ്യാപകർക്കുള്ള പലിശരഹിത വായ്പയാണിത്. 2,50,000/- രൂപ വീതം രണ്ടു ഗഡുക്കളായാണ് തുക അനുവദിക്കുന്നത്. 10 വർഷ കാലാവധിയിൽ പരമാവധി 5 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ വായ്പ ലഭിക്കും. സർക്കാർ തീരുമാന പ്രകാരം മദ്രസ്സാ ക്ഷേമനിധി ബോർഡ് 2% സർവ്വീസ് ചാർജ്ജ് കോർപ്പറേഷന് നൽകുന്നു. പ്രായ പരിധി 25 മുതൽ 55 വയസ്സ് വരെ. കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി ബോർഡ് മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷത്തിൽ താഴെ.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ അടുത്ത മാസം മുതൽ മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

12. <u>ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ</u>

കുറഞ്ഞത് 3 വർഷമെങ്കിലും മൈനോരിറ്റി തലത്തിൽ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്.84 മാസ കാലാവധിയിൽ പരമാവധി 10 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ വായ്പ ലഭിക്കും.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ അടുത്ത മാസം മുതൽ മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

13. വിവാഹ വായ്പ:

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന്, രക്ഷിതാക്കൾക്ക് 60 മാസ കാലാവധിയിൽ പരമാവധി 6% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായ പരിധി 65 വയസ്സ്. വിവാഹം സ്ത്രീധന മുക്തമാണെന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ അടുത്ത മാസം മുതൽ മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

14. ചികിത്സാ വായ്പ:

മാരകമായ അസുഖം വന്ന് ബുദ്ധിമുട്ടുന്ന രോഗികൾക്കായി, 60 മാസ കാലാവധിയിൽ പര മാവധി 5% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കുടുംബ വാർഷി ക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായ പരിധി 55 വയസ്സ്.

അനുവദിച്ച തുക മുഴുവനായി ലഭിച്ചതിനു ശേഷം വായ്പാക്കാരൻ അടുത്ത മാസം മുതൽ മാസ അടവ് തുടങ്ങി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ മുഴുവൻ തുകയും അടച്ചു തീർക്കേണ്ടതാണ്.

15. വിധവകൾക്കുള്ള സർക്കാരിന്റെ സബ്സിഡിയോടു കൂടി സ്വയംതൊഴിൽ വായ്പ

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹമോചിതർ, വിവാഹ ശേഷം ഉപേക്ഷിക്കപ്പെ ട്ടവർ എന്നിവർക്കായി 20 ശതമാനം കേരള സർക്കാരിന്റെ സബ്സിഡിയോടു കൂടി സ്വയം തൊഴിൽ വായ്പ നൽകുന്നു. പുതിയ സംരംഭം ആരംഭിക്കുന്നതിനും, നിലവിലുളളവ വിപുലീകരിക്കുന്നതി നുമായി 5 ലക്ഷം രൂപ വരെ വായ്പയായി ലഭിക്കും. വായ്പ തുകയ്ക്ക് ആനുപാതികമായി ഒരു ലക്ഷം രൂപ വരെ സർക്കാർ സബ്സിഡി ലഭിക്കുന്നതാണ്. പ്രായ പരിധി 18 മുതൽ 60 വയസ്സ് വരെയാണ്. നിലവിൽ കോർപ്പറേഷനിൽ നിന്നും മറ്റ് വായ്പകൾ എടുത്തവർക്കും പ്രസ്തുത പദ്ധതി പ്രകാരം വായ്പ ലഭിക്കും. വായ്പ ലഭിക്കുന്നതിനായി വസ്തു ജാമ്യം ആവശ്യമില്ല.

16. ലാപ്ടോപ്പ് വായ്പ

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ബിരുദ തലത്തിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകു ന്നു. അറുപതിനായിരം രൂപ വരെ വായ്പ ലഭിക്കുന്നതാണ്. പ്രായപരിധി 18 മുതൽ 32 വയസ്സ് വരെയാണ്. കുടുംബ വാർഷിക വരുമാനം 3 ലക്ഷത്തിൽ കവിയരുത്. വായ്പ തിരിച്ചടവ് കാലാവധി 3 വർഷമാണ്.

Cue koe

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 8
Vol. VIII

തിരുവനന്തപുരം, ബുധൻ
Thiruvananthapuram, Wednesday

2019 ജൂലൈ 24
24th July 2019
1194 കർക്കടകം 8
8th Karkadakam 1194
1941 ശ്രാവണം 2
2nd Sravana 1941

നമ്പർ No. 1678

കേരള സർക്കാർ

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 6/2019/പൊ. ഭ. വ. *തിരുവനന്തപുരം, 2019 ജൂൺ, 21 .*

എസ്. ആർ. ഒ. നമ്പർ 491/2019

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2019-ലെ 12) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെപ്പറയുന്ന പദ്ധതി ഇതിനാൽ ആവിഷ്കരിക്കുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അദ്ധ്യായം ഒന്ന്

പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി എന്ന പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ പദ്ധതിയിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ചെയർമാൻ" എന്നാൽ ഓർഡിനൻസിന്റെ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചെയർമാൻ എന്നർത്ഥമാകുന്നു;

(ബി) "ഫാറം" എന്നാൽ ഈ പദ്ധതിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം എന്നർത്ഥമാകുന്നു;

(സി) "കുടുംബം" എന്നാൽ ഭർത്താവ്, ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പെൺകുട്ടികൾ എന്നിവരും അംഗങ്ങളെ പൂർണ്ണമായി ആശ്രയിച്ചു കഴിയുന്ന പിതാവും മാതാവും എന്നർത്ഥം വരുന്നതും അതിൽ ദത്തെടുക്കപ്പെട്ട മകനും മകളും ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (iv)-ാം ഖണ്ഡപ്രകാരം നിയമിക്കപ്പെടുന്ന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(ഇ) "ഓർഡിനൻസ്" എന്നാൽ 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ് (2019-ലെ 12) എന്നർത്ഥമാകുന്നു;

(എഫ്) "അവകാശി" എന്നതിന് അംഗം നാമനിർദ്ദേശം ചെയ്യുന്ന ആൾ അല്ലെങ്കിൽ നിയമാനുസൃത അവകാശി എന്നർത്ഥമാകുന്നു;

(ജി) "ന്യൂനപക്ഷ ക്ഷേമവകുപ്പ്" എന്നാൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നർത്ഥമാകുന്നു;

(എച്ച്) "ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ" എന്നാൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നർത്ഥമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ, നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ഓർഡിനൻസിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ഓർഡിനൻസിൽ അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥം ആയിരിക്കുന്നതാണ്.

അദ്ധ്യായം രണ്ട്

ക്ഷേമനിധി ബോർഡ്

3. ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—ആക്റ്റ് പ്രകാരം ബോർഡിന് നൽകിയിട്ടുള്ള അധികാരങ്ങൾക്ക് പുറമേ ബോർഡിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്നതും നിധിയുടെ നടത്തിപ്പിന് ആവശ്യമായതുമായ എല്ലാ കാര്യങ്ങളുടെയും നിർവ്വഹണം;

(ii) നിധിയിൽ അംഗമാകുന്ന മദ്രസ്സാദ്ധ്യാപകരുടെ രജിസ്ട്രേഷൻ;

(iii) ഓർഡിനൻസിലേയും പദ്ധതിയിലേയും വ്യവസ്ഥ അനുസരിച്ച് നിധിയുടെ വിനിയോഗവും ഭരണനിർവ്വഹണവും പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കലും;

(iv) അതതു സമയം, സർക്കാരിന്റെ നിർദ്ദേശാനുസരണം നിധിയുടെ വിനിയോഗത്തെ പറ്റിയുള്ള നയരൂപീകരണവും നിർവ്വഹണവും;

(v) നിധിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ടും വാർഷിക ആഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കൽ;

(vi) ആക്റ്റിലെ വ്യവസ്ഥകൾക്കെതിരെയുള്ള പ്രവൃത്തികൾ സംബന്ധിച്ച് ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കൽ;

(vii) സർക്കാർ നൽകുന്ന പൊതുനിർദ്ദേശങ്ങൾ നടപ്പാക്കൽ;

(viii) നിധിയുടെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകൽ;

(ix) സർക്കാരിന്റെ നിർദ്ദേശാനുസരണം നിധിയുടെ കണക്കുകൾ വാർഷിക ആഡിറ്റ് നടത്തൽ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(x) നിധി ഉപയോഗിച്ച് ആവിഷ്കരിക്കപ്പെട്ട പല തരത്തിലുള്ള ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകൽ;

(xi) കണക്കുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കൽ;

(xii) അപേക്ഷകളും പരാതികളും എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കൽ;

(xiii) പദ്ധതിക്ക് കീഴിലുള്ള ക്ഷേമ പരിപാടികൾക്ക് അനുമതി നൽകൽ;

(xiv) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവുകൾക്കും തീരുമാനങ്ങൾക്കു മെതിരെയുള്ള അപ്പീലുകൾ കേട്ട് തീർപ്പു കൽപ്പിക്കൽ;

(xv) സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകൽ, മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനാവശ്യമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കൽ;

(xvi) നിധിയിലേക്ക് ലഭിക്കേണ്ടതായ അർഹതപ്പെട്ട തുകകൾ യഥാസമയം നേടിയെടുക്കൽ;

(xvii) ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ സാധനസാമഗ്രികൾ സർക്കാരിന്റെ അനുവാദത്തിനും നിബന്ധനകൾക്കും വിധേയമായി വാങ്ങൽ.

4. <u>ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കർത്തവ്യങ്ങൾ</u>—ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ബോർഡിലെ ഉദ്യോഗസ്ഥന്മാരുടേയും അംഗങ്ങളുടേയും മേൽനോട്ടവും നിയന്ത്രണവും;

(ii) ബോർഡിനുവേണ്ടിയും ബോർഡിനെതിരെയുമുള്ള കേസുകളുടെ നടത്തിപ്പ്;

(iii) അതതുസമയം ബോർഡ് അധികാരപ്പെടുത്തുന്ന സാമ്പത്തിക പരിധിക്ക് വിധേയമായി ബോർഡിന്റെ ഭരണത്തിന് ആവശ്യമായ സാധനസാമഗ്രികളും സേവനങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ ചെലവുകൾക്ക് തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനുമതി നൽകൽ;

(iv) ബോർഡ് അധികാരപ്പെടുത്തുന്ന മുറയ്ക്ക് മുകളിൽ പറഞ്ഞ അധികാരങ്ങൾക്ക് പുറമെ ഭരണപരവും സാമ്പത്തികപരവുമായ അധികാരങ്ങൾ വിനിയോഗിക്കൽ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. ബോർഡിന്റെ ആസ്ഥാനം.—ബോർഡിന്റെ ആസ്ഥാനം കോഴിക്കോട് ആയിരിക്കുന്നതാണ്.

6. ബോർഡ് യോഗത്തിന്റെ അറിയിപ്പും കാര്യവിവരണ പട്ടികയും.—(1) ബോർഡ് അതിന്റെ കാര്യനിർവ്വഹണത്തിനായി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(2) മൂന്നിലൊന്ന് അംഗങ്ങളുടെ അഭ്യർത്ഥന ലഭിച്ച് പതിനഞ്ച് ദിവസത്തിനകം യുക്തമെന്ന് തോന്നുകയാണെങ്കിൽ ചെയർമാന് യോഗം വിളിച്ചുചേർക്കാവുന്നതാണ്.

(3) ബോർഡ് യോഗം ചേരേണ്ട തീയതിയ്ക്ക് പതിനഞ്ച് ദിവസങ്ങൾക്കു മുമ്പ് യോഗത്തിന്റെ നോട്ടീസും കാര്യവിവരണ പട്ടികയും ഓരോ ബോർഡ് അംഗത്തിനും അയയ്ക്കേണ്ടതും അപ്രകാരമുള്ള നോട്ടീസിൽ യോഗ തീയതി, സ്ഥലം, സമയം എന്നിവ വ്യക്തമായി കാണിച്ചിരിക്കേണ്ടതുമാണ്:

എന്നാൽ, ചെയർമാന് അടിയന്തരമെന്നു തോന്നുന്ന കാര്യം പരിഗണിക്കുന്നതിനുവേണ്ടി ഉചിതമായ സമയം നൽകി നോട്ടീസ് നൽകാവുന്നതും യോഗം വിളിച്ചുചേർക്കാവുന്നതുമാണ്.

7. യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുന്നത്.—(1) ബോർഡിന്റെ എല്ലാ യോഗങ്ങളിലും ചെയർമാൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്:

എന്നാൽ, ചെയർമാൻ ഹാജരില്ലാത്ത സമയങ്ങളിൽ അംഗങ്ങൾ അവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ അദ്ധ്യക്ഷത വഹിക്കേണ്ടതും ചെയർമാന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

8. യോഗ നടപടിക്കുറിപ്പ് തയ്യാറാക്കൽ.—(1) യോഗ നടപടിക്കുറിപ്പുകൾ ഇതിനായുള്ള നടപടിക്കുറിപ്പ് പുസ്തകത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രേഖപ്പെടുത്തേണ്ടതും യോഗം നടന്ന് പതിനഞ്ച് ദിവസങ്ങൾക്കകം ചെയർമാൻ അംഗീകരിച്ച നടപടിക്കുറിപ്പിന്റെ പകർപ്പ് എല്ലാ ബോർഡംഗങ്ങൾക്കും അയച്ചു കൊടുക്കേണ്ടതുമാണ്.

(2) യോഗ നടപടിക്കുറിപ്പിൽ എന്തെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ അവ അടുത്ത യോഗത്തിൽ അങ്ങനെ തിരുത്തി സ്ഥിരീകരിച്ച് ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

9. സമിതികളുടെ രൂപീകരണം.—(1) ബോർഡിന്, യുക്തമെന്ന് തോന്നുന്നപക്ഷം, വാർഷിക ബഡ്ജറ്റ്, വാർഷിക ഭരണ റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട്, പദ്ധതി പരിഷ്ക്കരണം, പുതിയ ക്ഷേമപരിപാടികളുടെ ആവിഷ്ക്കരണം എന്നിവയോ ബോർഡ് പരാമർശിക്കുന്ന മറ്റേതെങ്കിലും കാര്യമോ പരിഗണിക്കുന്നതിലേക്കായി ആവശ്യാനുസരണം ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപഖണ്ഡിക പ്രകാരം രൂപീകരിക്കുന്ന ഒരു ഉപസമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ചെയർമാൻ;

(ബി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെ രണ്ട് ഔദ്യോഗിക അംഗങ്ങൾ;

(സി) രണ്ട് അനൗദ്യോഗിക അംഗങ്ങൾ.

(3) ചെയർമാൻ ഉപസമിതികളുടെയും ചെയർമാൻ ആയിരിക്കുന്നതാണ്.

(4) ഉപസമിതിയുടെ യോഗങ്ങളിൽ കുറഞ്ഞത് മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതും, അതിൽ സർക്കാരിനെ പ്രതിനിധീകരിക്കുന്ന രണ്ട് അംഗങ്ങളെങ്കിലും ഹാജരില്ലാതെ യാതൊരു കാര്യപരിപാടികളും നടത്താൻ പാടില്ലാത്തതുമാകുന്നു.

(5) ഉപസമിതികളുടെ പരമാവധി ഔദ്യോഗിക കാലാവധി ആറുമാസ മായിരിക്കുന്നതാണ്:

എന്നാൽ, അത്യാവശ്യമാണെന്ന് ബോർഡ് കാണുന്നപക്ഷം, ഉപസമിതിയുടെ കാലാവധി ആവശ്യമായ കാലയളവിലേക്ക് ബോർഡിന് ദീർഘിപ്പിക്കാവുന്നതാണ്:

എന്നുമാത്രമല്ല, ഏതൊരു ഉപസമിതിയുടെയും കാലാവധി ബോർഡിന്റെ ഔദ്യോഗിക കാലാവധി കഴിയുന്നതോടെ അവസാനിക്കുന്നതാണ്.

അദ്ധ്യായം മൂന്ന്

നിധിയുടെ ഭരണം

10. നിധി കൈകാര്യം ചെയ്യൽ.—(1) ബോർഡിന്റെ നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിധി കൈകാര്യം ചെയ്യേണ്ടതാണ്. ഓർഡിനൻസിലും പദ്ധതിയിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾക്കുവേണ്ടി മാത്രം നിധി വിനിയോഗിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) നിധി സംബന്ധിച്ചുള്ള ഇടപാടുകൾ നടത്തുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെ അനുമതിയോടെ സംസ്ഥാന ട്രഷറിയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതാണ്.

അദ്ധ്യായം നാല്

നിധിയിലെ അംഗത്വവും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും

11. നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷയും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും.—(1) നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷ ഫാറം നമ്പർ 1-ൽ ആയിരിക്കേണ്ടതാണ്. അപേക്ഷകൻ അപേക്ഷയുടെ രണ്ട് പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. ശരിയായി പൂരിപ്പിച്ച് അപേക്ഷകൻ ഒപ്പിട്ട അപേക്ഷ മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, മേൽവിലാസം, ജനന തീയതി, വയസ്സ് എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, ശരിയായ രീതിയിൽ പൂരിപ്പിച്ച നോമിനേഷൻ ഫാറം, ബന്ധപ്പെട്ട മദ്രസ്സാ കമ്മിറ്റിയുടെ ശിപാർശ കത്ത് എന്നിവ സഹിതം ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(2) അപേക്ഷകൻ അപേക്ഷയോടൊപ്പം നാമനിർദ്ദേശത്തിന്റെ രണ്ട് പകർപ്പുകൾ നൽകേണ്ടതും ബോർഡ് സാക്ഷ്യപ്പെടുത്തിയ നാമനിർദ്ദേശത്തിന്റെ ഒരു പകർപ്പ് അംഗത്വ സാക്ഷ്യപത്രത്തിനോടൊപ്പം നൽകേണ്ടതുമാണ്.

(3) വയസ്സ്, ജനന തീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനായി റേഷൻ കാർഡ്, ആധാർ, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, എസ്.എസ്.എൽ.സി. ബുക്ക്, പാസ്പോർട്ട്, പാൻ കാർഡ്, ജനന മരണ രജിസ്ട്രാർ നൽകിയ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിലേതെങ്കിലുമൊന്ന് മതിയാകുന്നതാണ്. പ്രസ്തുത രേഖകൾ ലഭ്യമല്ലെങ്കിൽ ജനന തീയതി തെളിയിക്കുന്നതിന് ഒരു അസിസ്റ്റന്റ് സർജന്റെ പദവിയിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബോർഡ് പരിശോധിച്ചതിനു ശേഷം അംഗത്വം നൽകാവുന്നതും ബോർഡ് അംഗത്വം നൽകി ഉത്തരവായ അപേക്ഷകർക്ക് ഫാറം നമ്പർ 2-ൽ ഒരു അംഗത്വ സർട്ടിഫിക്കറ്റ് നൽകേണ്ടതും അപേക്ഷകനെ സംബന്ധിച്ച വിവരങ്ങൽ, അംഗത്വ നമ്പർ, അംഗത്വം നൽകിയ തീയതി, ഫോട്ടോ എന്നിവ ഉൾപ്പെടുന്ന വിവരങ്ങൾ ഫാറം നമ്പർ 3-ലെ അംഗത്വ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്. രജിസ്റ്ററിലെ വിവരങ്ങൾ കൃത്യതയോടും അതതു സമയങ്ങളിൽ വേണ്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചും സൂക്ഷിക്കേണ്ടതാണ്. അംഗത്വ രജിസ്റ്റർ രേഖപ്പെടുത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്.

(5) അപേക്ഷയുടെയും അംഗത്വ സാക്ഷ്യപത്രത്തിന്റെയും ഓരോ പകർപ്പുകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടതും അംഗത്തിന് ഫോട്ടോ പതിച്ച ഒരു തിരിച്ചറിയൽ കാർഡ് ഫാറം നമ്പർ 4-ലും നിശ്ചിത വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ്ബുക്ക് ഫാറം നമ്പർ 5-ലും നൽകേണ്ടതാണ്.

(6) അംഗത്വ സാക്ഷ്യപത്രമോ തിരിച്ചറിയൽ കാർഡോ പാസ്ബുക്കോ നഷ്ടപ്പെടുകയും അവയുടെ ഡ്യൂപ്ലിക്കേറ്റിനായി അംഗം അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം ആവശ്യമായ സത്യവാങ്മൂലം അപേക്ഷകനിൽ നിന്നും വാങ്ങി അന്വേഷണത്തിനും സ്ഥിരീകരണത്തിനും ശേഷം കാർഡിന്റെ വില ഈടാക്കി ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് അംഗത്തിന് നൽകേണ്ടതാണ്.

12. <u>അപ്പീലിനുള്ള കാലപരിധി.</u>—(1) നിധിയിലെ അംഗത്വത്തിനുള്ള ഒരു അപേക്ഷ ബോർഡ് നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റി അറുപത് ദിവസത്തിനകം സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്:

എന്നാൽ, അറുപത് ദിവസക്കാലയളവിനുള്ളിൽ അപ്പീൽ നൽകാതിരിക്കുവാൻ അപേക്ഷകന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് സർക്കാരിന് ബോധ്യമാകുന്ന പക്ഷം കാലതാമസം മാപ്പുചെയ്ത് അത്തരം അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) സർക്കാരിനു ലഭിക്കുന്ന അപ്പീൽ അപേക്ഷകളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി അപേക്ഷകന് പറയാനുള്ളത് പറയുവാൻ അവസരം നൽകി രേഖകൾ പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കേണ്ടതും തീരുമാനം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

13. നാമനിർദ്ദേശം ചെയ്യൽ.—നിധിയിൽ അംഗമായി ചേരുന്ന ഏതൊരാളും അപേക്ഷയോടൊപ്പം അംഗത്തിന്റെ മരണശേഷം ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകപ്പെടേണ്ട വ്യക്തിയുടെ അഥവാ വ്യക്തികളുടെ പേരും വിശദവിവരങ്ങളും അടങ്ങിയ ഒരു നോമിനേഷൻ ഫാറം നമ്പർ 6-ൽ നൽകേണ്ടതാണ്. എന്നാൽ ആശ്രിതൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന ആരെയെങ്കിലും മാത്രമേ അപേക്ഷകൻ നാമനിർദ്ദേശം ചെയ്യുവാൻ പാടുള്ളൂ.

(2) ഒരംഗത്തിന് ഭാവിയിൽ തന്റെ കുടുംബത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ചോ ഉചിതമെന്നു തോന്നുന്ന സമയത്തോ നോമിനേഷനിൽ മാറ്റം വരുത്താവുന്നതാണ്. അങ്ങനെ ചെയ്യുന്നപക്ഷം പുതിയ നോമിനേഷൻ ഫാറം നമ്പർ 6-ൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം നോമിനേഷനിൽ മാറ്റം വരുത്തുന്ന സംഗതിയിൽ അംഗം ഏറ്റവും അവസാനം സമർപ്പിച്ച നോമിനേഷൻ മാത്രം സാധുവായി നിലനിൽക്കുന്നതാണ്.

14. അംശദായം അടയ്ക്കുന്ന രീതി.—ഓരോ അംഗവും അംശദായമായി ഓരോ മാസവും അടയ്ക്കേണ്ട തുക ബന്ധപ്പെട്ട പോസ്റ്റോഫീസിൽ അതതു കാലത്ത് ബോർഡ് നിശ്ചയിക്കുന്ന രീതിയിൽ അടയ്ക്കേണ്ടതാണ്. അപ്രകാരം അംശദായം അടയ്ക്കുന്ന അംഗങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ തന്റെ പാസ്ബുക്കും രസീതും അംശദായം നൽകിയ വിവരം പാസ്ബുക്കിൽ രേഖപ്പെടുത്തുന്നതിനായി സമർപ്പിക്കേണ്ടതാണ്. അതു സംബന്ധിച്ച കണക്കുകളും അംഗങ്ങളുടെ വിവരങ്ങളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഓരോ മാസവും ബോർഡിന് അയച്ചുകൊടുക്കേണ്ടതുമാണ്.

അദ്ധ്യായം അഞ്ച്

വാർഷിക റിപ്പോർട്ടും ബഡ്ജറ്റും

15. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശ പ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ 31-നു മുമ്പ് സർക്കാരിനു സമർപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ സർക്കാർ അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റുകൾ സഹിതം നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്.

16. ബഡ്ജറ്റ് അംഗീകരിക്കൽ.—എല്ലാ വർഷവും ജൂലൈ മാസം അടുത്ത സാമ്പത്തിക വർഷത്തേക്കായുള്ള പ്രതീക്ഷിക്കുന്ന വരവും ചെലവും കാണിക്കുന്ന ഒരു വാർഷിക ബഡ്ജറ്റ് ബോർഡ് മുമ്പാകെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വയ്ക്കേണ്ടതും ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ആ വർഷം ആഗസ്റ്റ് മാസത്തിൽ തന്നെ ആയത് സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

അദ്ധ്യായം ആറ്

ക്ഷേമനിധി ആനുകൂല്യങ്ങൾ

17. ചികിത്സാ ധനസഹായം.—(1) രണ്ട് വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്ക് ഗുരുതരമല്ലാത്ത രോഗങ്ങൾക്ക് അയ്യായിരം രൂപ വരെയും ഗുരുതരമായ രോഗങ്ങൾക്കും അപകടത്തെ തുടർന്നുള്ള ചികിത്സയ്ക്കും ഇരുപത്തയ്യായിരം രൂപ വരെയും ധനസഹായം നൽകുന്നതാണ്.

(2) ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ചികിത്സ തുടങ്ങുന്നതിനു മുൻപോ ചികിത്സ കഴിഞ്ഞ് ആറു മാസത്തിനകമോ സമർപ്പിച്ചിരിക്കേണ്ടതാണ്:

എന്നാൽ, അപേക്ഷ സമർപ്പിക്കാതിരിക്കുവാൻ മതിയായ കാരണമുണ്ടായിരുന്നു എന്ന് ബോർഡിന് ബോധ്യമാകുന്നപക്ഷം ആറു മാസത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണ്.

(3) ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ചവർ മരണമടഞ്ഞാൽ അപേക്ഷകന്റെ നോമിനിയ്ക്ക് പ്രസ്തുത ചികിത്സാ ധനസഹായം നൽകേണ്ടതാണ്.

(4) ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷാ ഫാറം നമ്പർ 7-ൽ ആയിരിക്കേണ്ടതാണ്. ചികിത്സാ ആനുകൂല്യത്തിനായി അപേക്ഷിക്കുന്നവർ ഒരു സർക്കാർ അംഗീകൃത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(5) ഐ.പി./ഒ.പി. ടിക്കറ്റ്, ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത്, അംഗത്വ സർട്ടിഫിക്കറ്റ്, ചികിത്സ തേടിയ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ എന്നിവ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

18. മരണാനന്തര ധനസഹായം.—(1) ഒരംഗം മരണപ്പെട്ടാൽ പ്രസ്തുത അംഗത്തിന്റെ അവകാശിക്ക് പട്ടിക 1-ൽ വ്യക്തമാക്കിയ പ്രകാരമുള്ള മരണാനന്തര ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) മരണപ്പെടുന്ന ഒരംഗത്തിന്റെ ശവസംസ്കാര ചെലവുകൾക്കായി പ്രസ്തുത അംഗത്തിന്റെ ഒരവകാശിക്ക് അയ്യായിരം രൂപ ഉടൻ അനുവദിക്കുന്നതാണ്. പദ്ധതിയിൽനിന്നും പെൻഷൻ ലഭിക്കുന്ന ഒരാൾ മരണമടയുന്ന സംഗതിയിൽ പ്രസ്തുത ആളിന്റെ അവകാശിക്ക് മൂവായിരം രൂപ ധനസഹായം നൽകുന്നതാണ്.

(3) മരണാനന്തര ആനുകൂല്യത്തിനുള്ള അപേക്ഷ ഫാറം നമ്പർ 8-ൽ സമർപ്പിക്കേണ്ടതാണ്.

(4) മരണാനന്തര ആനുകൂല്യം ലഭിക്കുന്നതിലേക്കായി അപേക്ഷ യോടൊപ്പം അസ്സൽ നോമിനേഷൻ, പാസ്ബുക്ക്, അംഗത്വ സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത്, ഒന്നിൽ കൂടുതൽ അവകാശികൾ ഉള്ളപക്ഷം ആവശ്യമെങ്കിൽ മറ്റവകാശികൾക്കുകൂടി വേണ്ടി ഒരാൾ തുക കൈപ്പറ്റുന്നതിന് മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ മറ്റവകാശികളുടെ സമ്മതപത്രം, നോമിനി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

19. വിവാഹ ധനസഹായം.—രണ്ട് വർഷം തുടർച്ചയായി നിധിയിലേക്ക് അംശദായം അടച്ച അംഗങ്ങളുടെയും അവരുടെ രണ്ട് പെൺമക്കളുടെയും വിവാഹത്തിന് ഇരുപത്തയ്യായിരം രൂപ വിവാഹ ധനസഹായമായി നൽകുന്നതാണ്. വിവാഹധനസഹായത്തിനുള്ള അപേക്ഷ ഫാറം നമ്പർ 9-ൽ ആയിരിക്കേണ്ടതാണ്. രണ്ട് ലക്ഷം രൂപ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന പ്രസ്തുത കോർപ്പറേഷൻ നിശ്ചയിക്കുന്ന നിബന്ധനകൾക്കനുസൃതമായി പലിശരഹിത വായ്പ നൽകുന്നതാണ്. വായ്പയുടെ തിരിച്ചടവ് കാലയളവ് അമ്പത് മാസമായിരിക്കുന്നതാണ്.

20. പെൻഷൻ.—(1) അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി നിധിയിലേക്ക് അംശദായമടച്ച അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ പദ്ധതിക്കനുബന്ധമായുള്ള പട്ടിക 2-ൽ വിനിർദ്ദേശിച്ച പ്രകാരമുള്ള പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, അഞ്ചു വർഷത്തിൽ താഴെ ഉള്ള കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു അംഗത്തിന് നിശ്ചിത തുക തിരികെ ലഭിക്കുന്നതിനുള്ള അർഹത സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) നിധിയിൽനിന്നും പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ ഫാറം നമ്പർ 10-ൽ ആയിരിക്കേണ്ടതും അംഗത്വ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ചതിന്റെ രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

(3) 55 വയസ്സിനുശേഷം വരിസംഖ്യ അടയ്ക്കുവാനും സ്വീകരിക്കുവാനും പാടില്ലാത്തതാകുന്നു.

21. കുടുംബ പെൻഷൻ.—പെൻഷൻ ലഭിക്കാൻ അർഹതയുള്ള ഒരംഗം മരണമടയുന്ന സംഗതിയിൽ അയാളുടെ ആശ്രിതന് കുടുംബ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ കുറഞ്ഞത് ആയിരം രൂപയോ അല്ലെങ്കിൽ പ്രസ്തുത അംഗത്തിന് ലഭിക്കാൻ അർഹതയുള്ള പെൻഷന്റെ അമ്പത് ശതമാനമോ ഏതാണോ കൂടുതൽ പ്രസ്തുത തുക ആയിരിക്കുന്നതാണ്. കുടുംബ പെൻഷനുള്ള അപേക്ഷ ഫാറം നമ്പർ 10-ൽ ആയിരിക്കേണ്ടതാണ്.

22. അവശതാ പെൻഷൻ.—(1) മൂന്ന് വർഷത്തിൽ കുറയാതെ അംശദായം നൽകി വരുന്ന ഏതെങ്കിലും ഒരംഗത്തിന് അപകടംമൂലമോ അസുഖംമൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ചാൽ പ്രസ്തുത അംഗത്തിന് പ്രതിമാസം ആയിരം രൂപ അവശതാ പെൻഷനായി ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. അവശതാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ഫാറം നമ്പർ 11-ൽ ആയിരിക്കേണ്ടതാണ്.

(2) (1)-ാം ഉപഖണ്ഡിക പ്രകാരം പെൻഷന് അപേക്ഷിക്കുന്ന അംഗം ശാരീരിക അവശത അനുഭവിക്കുന്നു എന്നും അവശതമൂലം യാതൊരു ജോലിയും ചെയ്യാൻ കഴിയാത്ത ആളാണെന്നും തെളിയിക്കുന്നതിലേക്കായി മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

23. വിദ്യാഭ്യാസ ധനസഹായം.—(1) പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന നിധിയിലെ ഏതെങ്കിലും ഒരംഗത്തിന്റെ മക്കൾക്ക് പ്രസ്തുത സ്ഥാപനത്തിലെ പഠനത്തിന് ആവശ്യമായ സർക്കാർ ഫീസിന് തുല്യമായ തുക വിദ്യാഭ്യാസ ധനസഹായമായി നൽകുന്നതാണ്. കൂടാതെ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർക്കാർ/അർദ്ധ സർക്കാർ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിന് തുല്യമായ തുക ധനസഹായം അനുവദിക്കുന്നതാണ്. പ്രസ്തുത ധനസഹായം ലഭിക്കുന്നതിന്റെ ആവശ്യത്തിലേക്കായി സർക്കാരിൽനിന്നോ മറ്റു സ്ഥാപനങ്ങളിൽനിന്നോ വിദ്യാഭ്യാസ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ഹാജരാക്കേണ്ടതാണ്.

(2) സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ വാങ്ങുന്നതിനും പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനും പലിശരഹിത വായ്പ നൽകുന്നതാണ്.

24. വിവിധോദ്ദേശ്യ വായ്പ.—(1) അഞ്ചു വർഷക്കാലമെങ്കിലും നിധിയിലേക്ക് അംശദായം നൽകിയ ഒരംഗത്തിന് അയാളുടെ കണക്കിലുള്ള തുകയുടെ എഴുപത്തിയഞ്ച് ശതമാനം തുക വിവിധോദ്ദേശ്യ വായ്പയായി അനുവദിക്കുന്നതാണ്. വായ്പയുടെ കാലാവധി പരമാവധി പന്ത്രണ്ട് മാസം ആയിരിക്കുന്നതാണ്. ഏതെങ്കിലും അംഗം നിശ്ചിത കാലയളവിനുള്ളിൽ വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്ന പക്ഷം പ്രസ്തുത അംഗത്തിന്റെ കണക്കിലുള്ള തുകയിൽനിന്നും ആയത് തട്ടിക്കിഴിക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) വായ്പ തിരിച്ചടയ്ക്കുവാൻ ഏതെങ്കിലും അംഗം മുടക്കം വരുത്തുന്ന പക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് 18 ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

25. റീഫണ്ട്.—നിധിയിലെ ഒരംഗം നിധിയിലേക്ക് അടയ്ക്കുന്ന അംശദായവും നിധിയിലെ വിഹിതവും ചേർന്നുള്ള തുക പ്രസ്തുത അംഗത്തിന്റെ മരണാനന്തരമോ പ്രസ്തുത അംഗത്തിന് 60 വയസ്സ് പൂർത്തിയാകുമ്പോഴോ തൊഴിൽ ലഭിച്ച് പോകുമ്പോഴോ പ്രസ്തുത അംഗത്തിന് തിരികെ നൽകുന്നതാണ്.

26. പ്രസവാനുകൂല്യം.—രണ്ട് വർഷക്കാലം തുടർച്ചയായി നിധിയിലേക്ക് അംശദായം നൽകിയ ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി പതിനയ്യായിരം രൂപ നിധിയിൽനിന്നും അനുവദിക്കുന്നതാണ്. ഒരംഗത്തിന് പ്രസവാനുകൂല്യം പരമാവധി രണ്ടു പ്രാവശ്യം ലഭിക്കുന്നതിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ ഫാറം നമ്പർ 12-ൽ ആയിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

27. ഭവന നിർമ്മാണ/പുനരുദ്ധാരണ വായ്പ.—രണ്ട് വർഷക്കാലം തുടർച്ചയായി നിധിയിലേക്ക് അംശദായം നൽകിയ ഒരു അംഗത്തിന് രണ്ടര ലക്ഷം രൂപ വരെ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന ഭവന നിർമ്മാണ/ പുനരുദ്ധാരണത്തിനായി (200 പേർക്ക്), കോർപ്പറേഷൻ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പലിശരഹിത വായ്പ നൽകുന്നതാണ്. വായ്പയുടെ തിരിച്ചടവ് കാലയളവ് ഏഴുവർഷം അഥവാ 84 മാസമായിരിക്കുന്നതാണ്. ആയതിന്റെ ഭരണച്ചെലവിലേക്ക് രണ്ട് ശതമാനം തുക മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് വഹിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 1

അംഗത്വത്തിനുള്ള അപേക്ഷ

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11 (1) കാണുക]

1.	ജില്ല	:	കോഡ് നമ്പർ -
2.	പഞ്ചായത്ത്/നഗരസഭ	:	കോഡ് നമ്പർ -
3.	പേര് (പൂർണ്ണ രൂപത്തിൽ)	:	
4.	സ്ഥിര മേൽവിലാസം	:	
	ഫോൺ നമ്പർ	:	
5.	പോസ്റ്റ് ഓഫീസ്/പിൻകോഡ്	:	
6.	ജനനത്തീയതി*	:	
7.	പ്രായം	:	(അക്ഷരത്തിൽ)
8.	ജോലി ചെയ്യുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല	:	കോഡ് നമ്പർ -
	പഞ്ചായത്ത്/നഗരസഭ	:	കോഡ് നമ്പർ -
9.	അദ്ധ്യാപനം നടത്തുന്ന മദ്രസ്സയുടെ/തൊഴിൽദാതാവിന്റെ പേരും പൂർണ്ണ മേൽവിലാസവും	:	
	ജോലി ചെയ്യുന്ന തസ്തിക	:	
	മുസ്ലീം സർവ്വീസ് രജിസ്റ്റർ നമ്പർ (ലഭ്യമെങ്കിൽ)	:	
	ഫോൺ നമ്പർ	:	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

10.	മദ്രസ്സാദ്ധ്യാപന ജോലി തുടങ്ങിയ വർഷം	:	(അക്ഷരത്തിൽ)	
11.	സേവനകാലം (വർഷാടിസ്ഥാനത്തിൽ)	:	വർഷം	
12.	ഇപ്പോഴത്തെ സ്ഥാപനത്തിൽ ജോലി ആരംഭിച്ച വർഷം	:		
13.	ഇപ്പോഴത്തെ സ്ഥാപനത്തിലെ സേവന ദൈർഘ്യം	:	വർഷം	മാസം
14.	വിദ്യാഭ്യാസ യോഗ്യത			
	(എ) പൊതുവിദ്യാഭ്യാസം	:		
	(ബി) മദ്രസ്സാദ്ധ്യാപനത്തിന്	:		
	(സി) മറ്റ് വിഷയങ്ങൾ	:		
15.	ക്ഷേമനിധി അംഗത്വം	:		
	ആവശ്യപ്പെടുന്ന വർഷം/ മാസം	:		
16.	പ്രതിമാസം അടയ്ക്കുന്ന അദ്ധ്യാപക വിഹിതം (രൂപ)	:		
17.	തൊഴിൽദാതാവ് അടയ്ക്കേണ്ട പ്രതിമാസ വിഹിതം (രൂപ)	:		
18.	വിഹിതം അടയ്ക്കാൻ ചുമതലപ്പെട്ട മദ്രസ്സ സ്ഥാപനത്തിന്റെ പൂർണ്ണ മേൽവിലാസം	:		
19.	വിഹിതമടയ്ക്കുന്നതിന് നിർദ്ദേശിക്കുന്ന പോസ്റ്റ് ഓഫീസ്	:		

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷകന്റെ സത്യപ്രസ്താവന

കേരള സംസ്ഥാന മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് ഞാൻ മുകളിൽ വ്യക്തമാക്കിയ കാര്യങ്ങൾ പൂർണ്ണമായും സത്യവും ശരിയുമാണെന്ന് വ്യക്തമാക്കുന്നു. ക്ഷേമനിധി സംബന്ധിച്ച് കാലാകാലങ്ങളിൽ ബാധകമാക്കുന്ന വ്യവസ്ഥകൾ ഞാൻ പാലിക്കുന്നതാണ്.

സ്ഥലം : ഒപ്പ് :
തീയതി : അപേക്ഷകന്റെ പേര് :

സ്ഥാപന മേധാവിയുടെ ശുപാർശ

..... എന്ന മദ്രസ്സയിലെ അദ്ധ്യാപകനായ ..... കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വത്തിന് നൽകിയ അപേക്ഷ ശുപാർശ ചെയ്യുന്നു. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകളും അദ്ധ്യാപകരുടെ സാമൂഹ്യ സുരക്ഷയും കണക്കിലെടുത്ത് തൊഴിലുടമ എന്ന നിലയിലുള്ള വ്യവസ്ഥകൾ പാലിക്കുന്നതാണെന്നും, തൊഴിലുടമാ വിഹിതം യഥാസമയം അദ്ധ്യാപകന്റെ പേരിൽ അടയ്ക്കുന്നതാണെന്നും വ്യക്തമാക്കുന്നു.

(സീൽ) ഒപ്പ് :
തീയതി: ഔദ്യോഗിക പദവി :

ഓഫീസ് ഉപയോഗത്തിന്

അപേക്ഷ രജിസ്റ്റർ നമ്പർ : ക്ഷേമനിധി അംഗത്വ നമ്പർ :

ജില്ലാ കോഡ് നമ്പർ :

പോസ്റ്റോഫീസ് കോഡ് :

അംഗത്വ പ്രാബല്യ തീയതി :

മാസവിഹിതം അടയ്ക്കേണ്ട കേന്ദ്രം :

പണം അടയ്ക്കേണ്ട പോസ്റ്റ് ഓഫീസ് :
അക്കൗണ്ട് നമ്പർ :

ഒപ്പ് :
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 2

അംഗത്വ സർട്ടിഫിക്കറ്റ്

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11(4) കാണുക]

അംഗത്വ നമ്പർ :

പാസ്പോർട്ട്
സൈസ് ഫോട്ടോ

(ഫോട്ടോ രജിസ്റ്ററിംഗ്
അധികാരസ്ഥാനം
സാക്ഷ്യപ്പെടുത്തേണ്ടതാണ്)

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ./ശ്രീമതി.....(മേൽവിലാസം).....
.....(തീയതി മുതൽ) ക്ഷേമനിധി അംഗമായി ചേർത്തിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു.

അംഗത്തിന്റെ മാതൃകാ ഒപ്പ്:

സ്ഥലം :
തീയതി :

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

(ഓഫീസ് സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 3

അംഗത്വ രജിസ്റ്റർ

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11(4) കാണുക]

(അംഗത്വ രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറിയും
രജിസ്റ്ററിംഗ് അധികാരസ്ഥാനവും സൂക്ഷിക്കേണ്ടത്)

അംഗത്തിന്റെ ഫോട്ടോ

ക്രമ നമ്പർ	അംഗത്തിന്റെ പേരും മേൽവിലാസവും	അച്ഛന്റെ/ അമ്മയുടെ/ ഭർത്താവിന്റെ പേര്	ജനന തീയതിയും വയസ്സും	നോമിനി/ നോമിനികളുടെ പേര്
(1)	(2)	(3)	(4)	(5)

അപേക്ഷയുടെ തീയതിയും നമ്പരും	അംഗത്വം നൽകിയ തീയതിയും നമ്പരും	ആനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ	വായ്പ നൽകിയതിന്റെ വിവരങ്ങൾ	അംഗത്വം റദ്ദാക്കിയ വിവരങ്ങൾ, തീയതി	അഭിപ്രായം
(6)	(7)	(8)	(9)	(10)	(11)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 4

അംഗത്വ തിരിച്ചറിയൽ കാർഡ്

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11(5) കാണുക]

അംഗത്തിന്റെ ഫോട്ടോ

പേര് (ഇനിഷ്യൽ സഹിതം) :

പൂർണ്ണ വിലാസം :

അംഗത്വ നമ്പർ :

ജില്ലാ കോഡ് നമ്പർ :

സ്റ്റേറ്റ് കോഡ് നമ്പർ :

ഓഫീസ് സീൽ (ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 5

പാസ് ബുക്ക്

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11(5) കാണുക]

അംഗത്തിന്റെ ഫോട്ടോ

1. അംഗത്തിന്റെ പേര് :
2. പൂർണ്ണ വിലാസം :
3. ജനനത്തീയതി :
4. വിരമിക്കൽ തീയതി :
5. അംഗത്വ ഉത്തരവ് നമ്പരും തീയതിയും :
6. പ്രവൃത്തി സ്ഥലം :
7. അവകാശിയുടെ പേര് :
8. പൂർണ്ണ വിലാസം :
9. അവകാശിയുമായുള്ള ബന്ധം :

എല്ലാ മാസവും .....ാം തീയതിക്കകം മാസവരി അടയ്ക്കേണ്ടതാണ്.

അംഗത്തിന്റെ ഒപ്പ് .....

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പ് .

സ്ഥലം :

തീയതി :

(സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

20.....	അടച്ച മാസം	വരിസംഖ്യ തീയതി	പിഴപലിശ	ആകെ തുക	ഒപ്പ്
B/F					
ജനുവരി					
ഫെബ്രുവരി					
മാർച്ച്					
ഏപ്രിൽ					
മേയ്					
ജൂൺ					
ജൂലൈ					
ആഗസ്റ്റ്					
സെപ്റ്റംബർ					
ഒക്ടോബർ					
നവംബർ					
ഡിസംബർ					
C/o					

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 6

നോമിനേഷൻ ഫാറം

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 13 കാണുക)

എന്റെ കാലശേഷം നിധിയിൽ നിന്നും എന്റെ പേരിലുള്ള ആനുകൂല്യങ്ങളും അർഹതപ്പെട്ട തുകയും കൈപ്പറ്റുന്നതിന് താഴെപ്പറയുന്ന എന്റെ ആശ്രിതനെ/ ആശ്രിതരെ ഞാൻ ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

ക്രമ നമ്പർ	നോമിനിയുടെ പേരും മേൽവിലാസവും	വയസ്സും ജനന തീയതിയും	അപേക്ഷകനു മായുള്ള ബന്ധം
(1)	(2)	(3)	(4)

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പും പേരും
അംഗത്വ നമ്പരും മേൽവിലാസവും

സാക്ഷികളുടെ ഒപ്പ്, പേര്,
മേൽവിലാസം

1. .....
.....
2. .....
.....

നോമിനേഷൻ അംഗീകരിച്ചു

സ്ഥലം :
തീയതി :

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

കുറിപ്പ്:—1. നോമിനേഷൻ പുതുക്കുന്നവർ അംഗത്വ ഉത്തരവിന്റെ പകർപ്പ്, അംഗത്വ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

2. ശരിയായി പൂരിപ്പിച്ച 2 സെറ്റ് അപേക്ഷ ഫോറം സമർപ്പിക്കേണ്ടതാണ്. ഒരു കോപ്പി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 7

ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 17(4) കാണുക]

1. അംഗത്തിന്റെ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. വയസ്സും ജനന തീയതിയും :

4. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും അംഗത്വ നമ്പരും :

5. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിച്ച അധികാരിയുടെ ഉത്തരവ് നമ്പരും തീയതിയും :

6. രോഗസ്വഭാവവും അതിന് വേണ്ടുന്ന ചികിത്സയുടെ വിവരവും (രോഗവിവരം വ്യക്തമായി എഴുതണം) :

7. ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിവരങ്ങൾ എഴുതുക :

8. ചികിത്സയ്ക്കായി മെഡിക്കൽ ആഫീസർ ശിപാർശ ചെയ്യുന്ന യഥാർത്ഥ ചെലവ് :

9. അംഗം ചികിത്സ നടത്തിയ ആശുപത്രിയുടെ പേരും മേൽവിലാസവും :

10. അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശദവിവരം (ചികിത്സ നടത്തിയ സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് തന്നെ സമർപ്പിക്കുക) :

സ്ഥലം :

(ഒപ്പ്)

തീയതി :

പേര്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സത്യപ്രസ്താവന

.....

(പേര്).....

.....

..... (മേൽവിലാസം) എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ..... (ഒപ്പ്) .....

തീയതി : ..... പേര് .....

കുറിപ്പ്:—അവസാന വരിസംഖ്യ അടച്ച രസീത്, മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ, ഐ.പി./ഒ.പി. ടിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 8

മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷ

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 18(3) കാണുക]

അംഗത്തിന്റെ ഫോട്ടോ

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :
2. സ്ഥിരമായ മേൽവിലാസം :
3. നിലവിലുള്ള മേൽവിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) :
4. അംഗവുമായുള്ള ബന്ധം :
5. ജനനത്തീയതിയും വയസ്സും :
6. ക്ഷേമനിധി അംഗത്തിന്റെ പേര് :
7. അംഗത്വ നമ്പർ :
8. അംഗത്തിന്റെ ജനന തീയതി :
9. ക്ഷേമനിധിയിൽ അംഗമായ തീയതി :
10. അംഗം മരണമടഞ്ഞ തീയതി :
11. ക്ഷേമനിധി വരിസംഖ്യ അവസാനം അടച്ച തീയതി :

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്:

തീയതി : പേര് :

കുറിപ്പ്:—അസ്സൽ അംഗത്വ സർട്ടിഫിക്കറ്റ്, അസ്സൽ അംഗത്വ കാർഡ്/തഹസിൽദാർ നൽകുന്ന അവകാശ സർട്ടിഫിക്കറ്റ്, പാസ്സ് ബുക്ക്, മരണ സർട്ടിഫിക്കറ്റ്, അവസാനം വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 9

വിവാഹ ധനസഹായത്തിനുള്ള അപേക്ഷ

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 19 കാണുക)

1.	അംഗത്തിന്റെ പേര്	:
2.	പൂർണ്ണമായ മേൽവിലാസം	:
3.	വയസ്സും ജനന തീയതിയും	:
4.	ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും അംഗത്വ നമ്പരും	:
5.	അംഗത്വം റദ്ദാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിച്ച അധികാരിയുടെ ഉത്തരവ് നമ്പരും തീയതിയും	:
6.	വിരമിക്കൽ തീയതി	:
7.	ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിവരങ്ങൾ എഴുതുക	:
	(എ) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം	:
	(ബി) ആനുകൂല്യം ലഭിച്ച തീയതിയും ഉത്തരവ് നമ്പരും	:

സത്യപ്രസ്താവന

.....(പേര്)
.....
.....
..... (മേൽവിലാസം) എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ..... (ഒപ്പ്).....

തീയതി : ..... പേര് .....

കുറിപ്പ്:—അവസാന വരിസംഖ്യ അടച്ച രസീത്, അംഗത്വ കാർഡിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 10

പെൻഷൻ/കുടുംബ പെൻഷനുള്ള അപേക്ഷ

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 21 കാണുക)

അംഗത്തിന്റെ ഫോട്ടോ

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം :
   (1) വീട്ടു പേര് :
   (2) വീട്ടു നമ്പർ :
   (3) പ്രദേശം/വില്ലേജ് :
   (4) പോസ്റ്റ് :
   (5) താലൂക്ക് :
   (6) പിൻകോഡ് :
   (7) ഫോൺ നമ്പർ :
   (8) ആധാർ കാർഡ് നമ്പർ :
4. ജനനത്തീയതിയും പൂർത്തിയായ വയസ്സും :
5. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
6. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :
7. (എ) ക്ഷേമനിധിയിൽ അവസാനമായി വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :

   (ബി) ക്ഷേമനിധിയിൽ ആകെ മാസവരി സംഖ്യ അടച്ച കാലയളവ് :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. ജോലിയിൽ നിന്നും വിരമിച്ച തീയതി :

9. ഇപ്പോൾ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ബോർഡിൽ നിന്നോ അപേക്ഷകന് പെൻഷൻ ലഭിക്കുന്നുണ്ടോ? :

10. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

11. അർഹതപ്പെട്ട പെൻഷൻ തുക :

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ് :

തീയതി : അപേക്ഷകന്റെ പേര് :

കുറിപ്പ്:—അംഗത്വ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ചതിന്റെ രസീത് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 11

സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിപ്പിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അംശദായ തുക തിരിച്ചു കിട്ടുന്നതിനുള്ള അപേക്ഷ

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി
[ഖണ്ഡിക 22(1) കാണുക]

അംഗത്തിന്റെ ഫോട്ടോ

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം :

   (1) വീട്ടു പേര് :

   (2) വീട്ടു നമ്പർ :

   (3) പ്രദേശം/വില്ലേജ് :

   (4) പോസ്റ്റ് :

   (5) താലൂക്ക് :

   (6) പിൻ കോഡ് :

   (7) ഫോൺ നമ്പർ :

   (8) ആധാർ കാർഡ് നമ്പർ :

4. ജനന തീയതിയും പൂർത്തിയായ വയസ്സും :

5. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :

6. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. (എ) ക്ഷേമനിധിയിൽ അവസാനമായി വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :

(ബി) ക്ഷേമനിധിയിൽ ആകെ മാസവരി സംഖ്യ അടച്ച കാലയളവ് :

8. ജോലിയിൽ നിന്നും വിരമിച്ച തീയതി :

9. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

10. അവശത തുടങ്ങിയ തീയതി :

11. അവശതയുടെ സ്വഭാവം :

12. അവശത തെളിയിക്കുന്നതിന് ഹാജരാക്കിയ രേഖകൾ :

(1)

(2)

13. അർഹതപ്പെട്ട വിരമിക്കൽ തുക :

അപേക്ഷകന്റെ സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ് :

തീയതി : അപേക്ഷകന്റെ പേര് :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 12

പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 26 കാണുക)

1. അംഗത്തിന്റെ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. വയസ്സും ജനന തീയതിയും :

4. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും അംഗത്വ നമ്പരും :

5. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിച്ച അധികാരിയുടെ ഉത്തരവ് നമ്പരും തീയതിയും :

6. വിരമിക്കൽ തീയതി :

7. ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിവരങ്ങൾ എഴുതുക :

   (എ) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം :

   (ബി) ആനുകൂല്യം ലഭിച്ച തീയതിയും ഉത്തരവ് നമ്പരും :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സത്യപ്രസ്താവന

.....(പേര്) .....

.....

.....(മേൽവിലാസം)

എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ..... ഒപ്പ് .....

തീയതി : ..... പേര് .....

കുറിപ്പ്:—അവസാന വരിസംഖ്യ അടച്ച രസീത്, അംഗത്വ കാർഡിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഓഫീസ് ഉപയോഗത്തിന്

..... രൂപ പ്രസവാനുകൂല്യമായി അനുവദിച്ചിരിക്കുന്നു.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക 1

ക്ഷേമനിധി അംഗങ്ങളുടെ അവകാശിക്ക് മരണാനന്തര ധനസഹായം നൽകുന്നത് സംബന്ധിച്ച പട്ടിക

[ഖണ്ഡിക 18(1) കാണുക]

ഒരു വർഷം മുതൽ അഞ്ചു വർഷം വരെ അംഗത്വ കാലാവധിയുള്ളവർ	.. ₹ 10,000 (പതിനായിരം രൂപ)
ആറു വർഷം മുതൽ പത്തു വർഷം വരെ അംഗത്വ കാലാവധിയുള്ളവർ	.. ₹ 15,000 (പതിനയ്യായിരം രൂപ)
പതിനൊന്നു വർഷം മുതൽ പതിനഞ്ചു വർഷം വരെ അംഗത്വ കാലാവധിയുള്ളവർ	.. ₹ 20,000 (ഇരുപതിനായിരം രൂപ)
പതിനാറു വർഷം മുതൽ ഇരുപതു വർഷം വരെ അംഗത്വ കാലാവധിയുള്ളവർ	.. ₹ 30,000 (മുപ്പതിനായിരം രൂപ)
ഇരുപതു വർഷത്തിനു മുകളിൽ അംഗത്വ കാലാവധിയുള്ളവർ	.. ₹ 50,000 (അമ്പതിനായിരം രൂപ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക 2

ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ ആനുകൂല്യം സംബന്ധിച്ച പട്ടിക

[ഖണ്ഡിക 20(1) കാണുക]

അംശദായം അടച്ച കാലയളവ്		*പ്രതിമാസം അനുവദിക്കുന്ന പെൻഷൻ*
5 വർഷം വരെ		1500
6 വർഷം	1500 + 10% of 1500	1650
7 വർഷം	1650 + 10% of 1500	1800
8 വർഷം	1950 + 10% of 1500	1950
9 വർഷം	1950 + 10% of 1500	2100
10 വർഷം	2100 + 10% of 1500	2250
11 വർഷം	2250 + 10% of 1500	2400
12 വർഷം	2400 + 10% of 1500	2550
13 വർഷം	2550 + 10% of 1500	2700
14 വർഷം	2700 + 10% of 1500	2850
15 വർഷം	2850 + 10% of 1500	3000
16 വർഷം	3000 + 10% of 1500	3150
17വർഷം	3150 + 10% of 1500	3300
18വർഷം	3300 + 10% of 1500	3450
19 വർഷം	3450 + 10% of 1500	3600
20 വർഷം	3600 + 10% of 1500	3750
21 വർഷം	3750 + 12% of 1500	3930
22 വർഷം	3930 + 12% of 1500	4110
23 വർഷം	4110 + 12% of 1500	4290
24 വർഷം	4290 + 12% of 1500	4470
25 വർഷം	4470 + 12% of 1500	4650
26 വർഷം	4650 + 12% of 1500	4830
27 വർഷം	4830 + 12% of 1500	5010
28 വർഷം	5010 + 12% of 1500	5190
29 വർഷം	5190 + 12% of 1500	5370

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

30 വർഷം	5370 + 12% of 1500	5550
31 വർഷം	5550 + 12% of 1500	5730
32 വർഷം	5730 + 12% of 1500	5910
33 വർഷം	5910 + 12% of 1500	6090
34 വർഷം	6090 + 12% of 1500	6270
35 വർഷം	6270 + 12% of 1500	6450
36 വർഷം	6450 + 15% of 1500	6675
37 വർഷം	6675+ 15% of 1500	6900
38 വർഷം	6900 + 15% of 1500	7125
39 വർഷം	7125+ 15% of 1500	7350
40 വർഷവും അതിന് മുകളിലും	7350+ 15% of 1500	7500

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എ. ഷാജഹാൻ,

സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ, അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2019-ലെ 12) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന് പ്രസ്തുത ഓർഡിനൻസിലെ പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്. പ്രസ്തുത ഓർഡിനൻസിലെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി ആവിഷ്കരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

Digitally signed by SHEELA M G
Date:2019.07.24 06:54:13 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 13
Vol. XIII

തിരുവനന്തപുരം, തിങ്കൾ
Thiruvananthapuram, Monday

2024 ഒക്ടോബർ 28
28th October 2024
1200 തുലാം 12
12th Thulam 1200
1946 കാർത്തികം 6
6th Karthika 1946

നമ്പർ
No.
3434

കേരള സർക്കാർ

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

തിരുത്തൽ വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 32/2024/പൊ.ഭ.വ. തീയതി,തിരുവനന്തപുരം 30 സെപ്റ്റംബർ 2024

എസ്. ആർ. ഒ. നമ്പർ 981/2024

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ടിലെ (2019-ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2019 ജൂൺ 21-ാം തീയതിയിലെ സ.ഉ.(അച്ചടി)നമ്പർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6/2019/പൊ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചതും 2019 ജൂലൈ മാസം 24-ാം തീയതിയിലെ 1678-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 491/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി താഴെപറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:-

പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും. - (1) ഈ പദ്ധതിയ്ക്ക് 2024-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.- 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി (ഭേദഗതി) പദ്ധതിയിൽ, 2-ാം ഖണ്ഡികയിൽ, 1-ാം ഉപഖണ്ഡികയിൽ,-

(i) ഇനം (എ) യിൽ "ഉപവകുപ്പ്" എന്ന വാക്കിന് ശേഷം "1-ാം ഇന" എന്ന അക്കവും ചിഹ്നവും വാക്കും ചേർക്കേണ്ടതാണ്;

(ii) ഇനം (സി) യിൽ "അവിവാഹിതരായ പെൺകുട്ടികൾ" എന്ന വാക്കുകൾക്ക് പകരം "അവിവാഹിതരായ പെൺമക്കൾ" എന്ന വാക്കുകളും "അംഗങ്ങളെ" എന്ന വാക്കിന് പകരം "അംഗത്തെ" എന്ന് ചേർക്കേണ്ടതാണ്;

(iii) ഇനം (ഡി) യിൽ "(iv)" എന്ന അക്കത്തിനും ബ്രാക്കറ്റിനും പകരം "(vi)" എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

(2) 3-ാം ഖണ്ഡികയിൽ,-

(i) "ആക്ട്" എന്ന വാക്കിന് പകരം " ഓർഡിനൻസ്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) ഇനം (vi) ലെ "ആക്ടിലെ" എന്ന വാക്കിന് പകരം "ഓർഡിനൻസിലെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) ഇനം (viii) ലും പദ്ധതിയിലും "ബഡ്ജറ്റ്" എന്ന വാക്ക് എവിടെയെല്ലാം വരുന്നുവോ അതിന് പകരം "ബജറ്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(3) 4-ാം ഖണ്ഡികയിൽ,-

(i) ഇനം (i) ൽ "ഉദ്യോഗസ്ഥൻമാരുടേയും അംഗങ്ങളുടേയും" എന്ന വാക്കുകൾക്ക് പകരം "ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ഇനം (ii) ലെ "ബോർഡിനുവേണ്ടിയും ബോർഡിനെതിരെയുമുള്ള കേസുകളുടെ നടത്തിപ്പ്" എന്ന വാക്കുകൾക്ക് പകരം "ബോർഡുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പ് ' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(4) 6-ാം ഖണ്ഡിക 1-ാം ഉപഖണ്ഡികയിൽ "മൂന്നുമാസത്തിലൊരിക്കൽ" എന്ന വാക്കിന് ശേഷം "എങ്കിലും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) 7-ാം ഖണ്ഡികയിൽ, –

(i) മാർജിനൽ ശീർഷകത്തിന് ശേഷമുള്ള "(1)" എന്ന അക്കവും ബ്രാക്കറ്റും ഒഴിവാക്കേണ്ടതാണ്;

(ii) "ആദ്ധ്യക്ഷം" എന്ന വാക്ക് ഖണ്ഡികയിൽ എവിടെയെല്ലാം വരുന്നുവോ ആയതിന് പകരം "ആദ്ധ്യക്ഷ്യം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) ക്ലിപ്ത നിബന്ധനയിലെ "അദ്ധ്യക്ഷത" എന്ന വാക്കിന് പകരം "ആദ്ധ്യക്ഷ്യം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iv) "എല്ലാ യോഗങ്ങളിലും" എന്ന വാക്കുകൾക്ക് പകരം "യോഗങ്ങളിൽ" എന്ന് ചേർക്കേണ്ടതാണ്.

(6) 8-ാം ഖണ്ഡികയിൽ, –

(i) മാർജിനൽ ശീർഷകത്തിലെ "യോഗ നടപടിക്കുറിപ്പ്" എന്ന വാക്കുകൾക്ക് പകരം "യോഗനടപടിക്കുറിപ്പ്" എന്ന വാക്കും (1)-ാം ഉപഖണ്ഡികയിൽ "യോഗ നടപടിക്കുറിപ്പുകൾ" എന്ന വാക്കുകൾക്ക് പകരം "യോഗനടപടിക്കുറിപ്പുകൾ" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപഖണ്ഡികയിൽ "യോഗ നടപടിക്കുറിപ്പിൽ" എന്ന വാക്കുകൾക്ക് പകരം "യോഗനടപടിക്കുറിപ്പിൽ "എന്ന വാക്ക് ചേർക്കേണ്ടതാണ്.

(7) 9-ാം ഖണ്ഡികയിൽ,–

(i) (1)-ാം ഉപഖണ്ഡികയിൽ, "ഉപസമിതികൾ" എന്ന വാക്കിന് പകരം "സമിതികൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപഖണ്ഡികയിൽ,–

(എ) "ഉപസമിതിയിൽ" എന്ന വാക്കിന് പകരം "സമിതിയിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) ഇനം (സി) യിൽ "രണ്ട് അനൗദ്യോഗിക അംഗങ്ങൾ" എന്ന വാക്കുകൾക്ക് പകരം "മൂന്ന് അനൗദ്യോഗിക അംഗങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (3)-ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:–

"എന്നാൽ, ചെയർമാൻ ഹാജരില്ലാത്ത സമയങ്ങളിൽ സമിതി അംഗങ്ങൾ അവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും ചെയർമാന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.";

(iv) (4)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :–

"സമിതിയുടെ യോഗങ്ങളിൽ കുറഞ്ഞത് നാല് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതും, അതിൽ സർക്കാരിനെ പ്രതിനിധീകരിക്കുന്ന രണ്ട് അംഗങ്ങളെങ്കിലും ഹാജരില്ലാതെ യാതൊരു കാര്യപരിപാടികളും നടത്താൻ പാടില്ലാത്തതുമാകുന്നു. സമിതിയുടെ ഒരു യോഗത്തിന് മുമ്പാകെ വരുന്ന ഏതൊരു സംഗതിയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയാൽ ചെയർമാന് അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന അംഗത്തിന് കാസ്റ്റിങ്ങ് വോട്ട് ഉണ്ടായിരിക്കുന്നതുമാണ്."

(v) (5)-ാം ഉപഖണ്ഡികയിൽ, "ഉപസമിതികളുടെ" എന്ന വാക്കിന് പകരം "സമിതികളുടെ" എന്നും 'ഉപസമിതിയുടെ' എന്ന വാക്കിന് പകരം 'സമിതിയുടെ' എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(8) 11-ാം ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"11.നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷയും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും.-

(1) നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷ ഫാറം നമ്പർ 1-ൽ ആയിരിക്കേണ്ടതാണ്. അപേക്ഷകൻ അപേക്ഷയുടെ രണ്ട് സെറ്റ് സമർപ്പിക്കേണ്ടതാണ്. ശരിയായി പൂരിപ്പിച്ച് അപേക്ഷകൻ ഒപ്പിട്ട അപേക്ഷ നാല് പാസ്സ്പോർട്ട് സൈസ് ഫോട്ടോ, മേൽവിലാസം, ജനന തീയതി, വയസ്സ് എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, ശരിയായ രീതിയിൽ പൂരിപ്പിച്ച ഫാറം നമ്പർ 6-ലുള്ള രണ്ട് സെറ്റ് നോമിനേഷൻ എന്നിവ സഹിതം ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടതാണ് ;

(2) അപേക്ഷകൻ അപേക്ഷയോടൊപ്പം നോമിനേഷന്റെ രണ്ട് സെറ്റ് നൽകേണ്ടതും ബോർഡ് സാക്ഷ്യപ്പെടുത്തിയ നോമിനേഷനുകളിൽ ഒന്ന് അംഗത്വ സർട്ടിഫിക്കറ്റിനോടൊപ്പം അപേക്ഷകന് നൽകേണ്ടതുമാണ് ;

(3) വയസ്സ്, ജനന തീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനായി റേഷൻ കാർഡ്, ആധാർ, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, എസ്.എസ്.എൽ.സി. ബുക്ക്, പാസ്പോർട്ട്, പാൻ കാർഡ്, ജനന മരണ രജിസ്ട്രാർ നൽകിയ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിലേതെങ്കിലുമൊന്ന് മതിയാകുന്നതാണ്. പ്രസ്തുത രേഖകൾ ലഭ്യമല്ലെങ്കിൽ വയസ്സ് തെളിയിക്കുന്നതിന് ഒരു അസിസ്റ്റന്റ് സർജന്റെ പദവിയിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. മേൽവിലാസം തെളിയിക്കുന്നതിനായി മറ്റ് രേഖകൾ ലഭ്യമല്ലെങ്കിൽ അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്;

(എ) ആക്ടിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തത് പ്രകാരം അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം നൂറ് രൂപ അംഗത്വ ഫീസ് അടക്കേണ്ടതാണ്; അംഗത്വ ഫീസ് ആദ്യത്തെ അംശദായം അടയ്ക്കുന്നതിനോടൊപ്പം തന്നെ അടവാക്കേണ്ടതാണ്;

(4) അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബോർഡ് പരിശോധിച്ചതിനു ശേഷം അംഗത്വം നൽകാവുന്നതും ബോർഡ് അംഗത്വം നൽകി ഉത്തരവായ അപേക്ഷകർക്ക് ഫാറം നമ്പർ 2-ൽ ഒരു അംഗത്വ സർട്ടിഫിക്കറ്റ് നൽക്കേണ്ടതും അപേക്ഷകനെ സംബന്ധിച്ച വിവരങ്ങൾ, അംഗത്വ നമ്പർ, അംഗത്വം നൽകിയ തീയതി, ഫോട്ടോ എന്നിവ ഉൾപ്പെടുന്ന വിവരങ്ങൾ ഫാറം നമ്പർ 3-ലെ അംഗത്വ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്. രജിസ്റ്ററിലെ വിവരങ്ങൾ കൃത്യതയോടും അതതു സമയങ്ങളിൽ വേണ്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചും സൂക്ഷിക്കേണ്ടതാണ്. ഓരോ അംഗത്തിനെയും കുറിച്ചുള്ള രേഖപ്പെടുത്തലുകൾ വരുത്തിയ അംഗത്വ രജിസ്റ്റർ ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്;

(5) അപേക്ഷയുടെയും അംഗത്വ സർട്ടിഫിക്കറ്റിന്റെയും ഓരോ പകർപ്പുകൾ ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ സൂക്ഷിക്കേണ്ടതും അംഗത്തിന് ഫോട്ടോ പതിച്ച ഒരു തിരിച്ചറിയൽ കാർഡ് ഫാറം നമ്പർ 4-ലും നിശ്ചിത വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ്സ്ബുക്ക് ഫാറം നമ്പർ 5-ലും നൽകേണ്ടതുമാണ്;

(6) അംഗത്വ സാക്ഷ്യപത്രമോ തിരിച്ചറിയൽ കാർഡോ പാസ്ബുക്കോ നഷ്ടപ്പെട്ടാൽ അവയുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഡ്യൂപ്ലിക്കേറ്റിനായി അംഗം ഫാറം നമ്പർ 15-ൽ അപേക്ഷിക്കേണ്ടതും അപ്രകാരം അപേക്ഷിക്കുന്ന പക്ഷം സത്യവാങ്മൂലം അപേക്ഷകനിൽ നിന്നും വാങ്ങി അന്വേഷണത്തിനും സ്ഥിരീകരണത്തിനും ശേഷം അതിന്റെ വിലയായി 50 രൂപ ഈടാക്കി അംഗത്തിന് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതാണ്. ".

(9) 12-ാം ഖണ്ഡികയ്ക്ക് പകരം താഴെ പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"12. അപ്പീലിനുള്ള കാലപരിധി.- (1) നിധിയിലെ അംഗത്വത്തിനുള്ള ഒരു അപേക്ഷ, ബോർഡ് നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റി അറുപത് ദിവസത്തിനകം ഫാറം നമ്പർ 16-ൽ, പൊതുഭരണ ന്യൂനപക്ഷക്ഷേമ വകുപ്പ്, ഡെപ്യൂട്ടി സെക്രട്ടറി, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം മുമ്പാകെ അപ്പിൽ നൽകാവുന്നതാണ്:

എന്നാൽ, അറുപത് ദിവസക്കാലയളവിനുള്ളിൽ അപ്പീൽ നൽകാതിരിക്കുവാൻ അപേക്ഷകന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് സർക്കാരിന് ബോധ്യമാകുന്ന പക്ഷം കാലതാമസം മാപ്പാക്കി അത്തരം അപ്പീൽ സ്വീകരിക്കാവുന്നതാണ്:

(2) അപ്പീലിൻമേൽ അനുകൂല തീരുമാനം ഉണ്ടാകാത്ത പക്ഷം അപേക്ഷകൻ പുന:പരിശോധനക്കായി ഒരു മാസത്തിനകം പുന:പരിശോധന ഹർജി ഫാറം നമ്പർ 17-ൽ ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കാവുന്നതാണ്;

(3) സർക്കാരിനു ലഭിക്കുന്ന അപ്പീൽ അപേക്ഷകളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി അപേക്ഷകന് പറയാനുള്ളത് പറയുവാൻ അവസരം നൽകി രേഖകൾ പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കേണ്ടതും തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.".

(10) 13-ാം ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"13. നോമിനേഷൻ നൽകൽ.- (1) നിധിയിൽ അംഗമായി ചേരുന്ന ഏതൊരാളും അപേക്ഷയോടൊപ്പം അംഗത്തിന്റെ മരണശേഷം ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകപ്പെടേണ്ട വ്യക്തിയുടെ അഥവാ വ്യക്തികളുടെ പേരും വിശദവിവരങ്ങളും അടങ്ങിയ രണ്ട് സെറ്റ് നോമിനേഷൻ ഫാറം നമ്പർ 6-ൽ നൽകേണ്ടതാണ്. എന്നാൽ ആശ്രിതൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നവരെ മാത്രമേ അപേക്ഷകൻ നോമിനേഷൻ ചെയ്യുവാൻ പാടുള്ളൂ;

(2) ഒരംഗത്തിന് ഭാവിയിൽ തന്റെ കുടുംബത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ചോ ഉചിതമെന്നു തോന്നുന്ന സമയത്തോ നോമിനേഷനിൽ മാറ്റം വരുത്താവുന്നതാണ്. അങ്ങനെ ചെയ്യുന്നപക്ഷം പുതിയ നോമിനേഷൻ ഫാറം നമ്പർ 6-ൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം നോമിനേഷനിൽ മാറ്റം വരുത്തുന്ന സംഗതിയിൽ അംഗം ഏറ്റവും അവസാനം സമർപ്പിച്ച നോമിനേഷൻ മാത്രം സാധുവായി നിലനിൽക്കുന്നതാണ്.".

(11) 14-ാം ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"14. അംശദായം അടയ്ക്കുന്ന രീതി.- ഓരോ അംഗവും അംശദായമായി ഓരോ മാസവും അതത് മാസം 10-ാം തീയതിയ്ക്ക് മുൻപായി ബന്ധപ്പെട്ട പോസ്റ്റോഫീസിലോ ഓൺലൈനായോ അതതു കാലത്ത് ബോർഡ് നിശ്ചയിക്കുന്ന രീതിയിൽ അടയ്ക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷാവസാനവും അംഗങ്ങൾക്ക് അംശദായ സ്റ്റേറ്റ്മെന്റ് ബോർഡിന്റെ വൈബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അതു സംബന്ധിച്ച കണക്കുകളും അംഗങ്ങളുടെ വിവരങ്ങളും ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ ഓരോ മാസവും ബോർഡിന് അയച്ചുകൊടുക്കേണ്ടതാണ്."

(12) 17-ാം ഖണ്ഡികയിൽ, -

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) 2-ാം ഉപഖണ്ഡികയിൽ, ക്ലിപ്തനിബന്ധനയിലെ "കവിയാതെയുള്ള " എന്ന വാക്കിന് പകരം "കവിഞ്ഞുള്ള" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) 4-ാം ഉപഖണ്ഡികയിൽ, "'ആനുകൂല്യത്തിനായി" എന്ന വാക്കിന് പകരം "ധനസഹായത്തിനായി" എന്നും "സാക്ഷ്യപത്രം" എന്ന വാക്കിന് പകരം "സർട്ടിഫിക്കറ്റ്" എന്നും ചേർക്കേണ്ടതാണ്.

(14) 18-ാം ഖണ്ഡികയിൽ,-

(i) (1)-ാം ഉപഖണ്ഡികയിൽ ,-

(എ) "പട്ടിക 1-ൽ വ്യക്തമാക്കിയ പ്രകാരമുള്ള" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നത്തിനും പകരം "പട്ടിക 1 പ്രകാരമുള്ള" എന്നീ വാക്കുകളും അക്കവും ചേർക്കേണ്ടതാണ്.

(ബി) "ആനുകൂല്യത്തിന് " എന്ന വാക്കിന് പകരം "ധനസഹായത്തിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപഖണ്ഡികയിൽ "ഒരവകാശിയ്ക്ക്" എന്ന വാക്കിന് പകരം "അവകാശിയ്ക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്,

(iii) (3)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-
മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷ ഫാറം നമ്പർ 8-ൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷ ആറു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ആയതിൽ ഒരു മാസത്തിനുള്ളിൽ തീരുമാനം കൈക്കൊളേളണ്ടതുമാണ്;

(iv) (4)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ് , അതായത് :-
"മരണാനന്തര ധനസഹായം ലഭിക്കുന്നതിലേക്കായി അപേക്ഷയോടൊപ്പം അസ്സൽ നോമിനേഷൻ, പാസ്സ്ബുക്ക്, അംഗത്വ സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത്, ഒന്നിൽ കൂടുതൽ അവകാശികൾ ഉള്ളപക്ഷം ആവശ്യമെങ്കിൽ മറ്റവകാശികൾക്കുകൂടി വേണ്ടി ഒരാൾ തുക കൈകപ്പറ്റുന്നതിന് മുദ്രപത്രത്തിൽ തയ്യാറാക്കിയ മറ്റവകാശികളുടെ സമ്മതപത്രം, നോമിനി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്."

(15) 19-ാം ഖണ്ഡികയിൽ,-

(i) "വായ്പ നൽകുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "വായ്പയായി, ബോർഡിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, വിവാഹ ആവശ്യത്തിന് നൽകുന്നതാണ് " എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ് ;

(ii) മാർജിനൽ ശീർഷകത്തിന് ശേഷം "(1)" എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(iii) അപ്രകാരം അക്കമിട്ട 1-ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതായത്:-

"(2) വിവാഹധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം അംഗത്തിന്റെ അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, വിവാഹിതം അടച്ചതിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, വിവാഹിതയാകുന്ന പെൺകുട്ടിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്/ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്. "

"(3) വിവാഹധനസഹായത്തിനും വായ്പയ്ക്കുമായി വിവാഹം കഴിഞ്ഞ് മൂന്ന് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.".

(16) 20-ാംഖണ്ഡികയിൽ,-

(i) 2-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"നിധിയിൽ നിന്നും പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ ഫാറം നമ്പർ 10-ൽ ആയിരിക്കേണ്ടതും അംഗത്വ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ചതിന്റെ രസീത്, അംഗത്വ തിരിച്ചറിയൽ കാർഡ് എന്നിവ അപേക്ഷയോടൊപ്പം ഹാജാരാക്കേണ്ടതുമാണ്. പെൻഷൻ ആനുകൂല്യം ലഭിയ്ക്കുന്നതിനുള്ള അപേക്ഷ പെൻഷൻ ആകുന്നതിന് രണ്ട് മാസം മുൻപ് സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ച് ഒരു മാസത്തിനുള്ളിൽ പ്രസ്തുത അപേക്ഷ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. പെൻഷനായി ആറുമാസത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ തക്കതായ കാരണത്താലേ പരിഗണിക്കുകയുള്ളൂ."

(17) 21-ാം ഖണ്ഡികയിൽ,-

(i) മാർജിനൽ ശീർഷകത്തിന് ശേഷം "(1)" എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(ii) അപ്രകാരം അക്കമിട്ട 1-ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:-

"(2) കുടുംബ പെൻഷനുള്ള അപേക്ഷയോടൊപ്പം അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, മരണ സർട്ടിഫിക്കറ്റ്, പുനർ വിവാഹം ചെയ്തില്ല എന്ന സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ പകർപ്പ്, ബന്ധം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്.";

"(3) കുടുംബ പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ അംഗത്തിന്റെ മരണം സംഭവിച്ച് ആറ് മാസത്തിനകം സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ച് ഒരു മാസത്തിനുള്ളിൽ പ്രസ്തുത അപേക്ഷ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുമാണ് . ആറ് മാസം മുതൽ ഒരു വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും കാലതാമസത്തിനുള്ള മാപ്പപേക്ഷ സ്വീകരിച്ച് പെൻഷൻ അനുവദിക്കാവുന്നതാണ്."

(18) 22-ാം ഖണ്ഡികയിൽ, "ആയിരം രൂപ അവശത പെൻഷനായി ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്" എന്ന വാക്കുകൾക്ക് ശേഷം "അവശതാ പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ അവശത സംഭവിച്ച് മൂന്ന് മാസത്തിനകം സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ച് ഒരു മാസത്തിനുള്ളിൽ പ്രസ്തുത അപേക്ഷ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. മൂന്ന് മാസത്തിന് ശേഷം ഒരു വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും കാലതാമസത്തിനുള്ള മാപ്പപേക്ഷ സ്വീകരിച്ച് പെൻഷൻ അനുവദിക്കാവുന്നതാണ്." എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(19) 23-ാം ഖണ്ഡികയിൽ,-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) (2)-ാം ഉപഖണ്ഡികയിൽ "നൽകുന്നതിനും" എന്ന വാക്കിന് പകരം " നേടുന്നതിനും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപഖണ്ഡികയ്ക്ക് ശേഷം (3)-ാം ഉപഖണ്ഡികയായി താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:-

"പലിശരഹിത വായ്പയായി ഒരു അപേക്ഷയിൽ പരമാവധി ഇരുപത്തയ്യായിരം രൂപ വരെ അനുവദിക്കാവുന്നതാണ്.".

(20) 24-ാം ഖണ്ഡികയിൽ,-

(i) 2-ാം ഉപഖണ്ഡികയിൽ "18 ശതമാനം" എന്ന അക്കത്തിനും വാക്കിനും പകരം "പതിനെട്ട് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(21) 25-ാം ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"25.റീഫണ്ട്.- നിധിയിലെ ഒരംഗം നിധിയിലേക്ക് അടയ്ക്കുന്ന അംശദായവും നിധിയിലെ വിഹിതവും ചേർന്നുള്ള തുക പ്രസ്തുത അംഗത്തിന്റെ മരണാനന്തരമോ പ്രസ്തുത അംഗത്തിന് അറുപത് വയസ്സ് പൂർത്തിയാകുമ്പോഴോ അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചതിനുശേഷം ജോലിയിൽ തുടരാനാകാതെ വരുമ്പോഴോ പ്രസ്തുത അംഗത്തിന് / പ്രസ്തുത അംഗത്തിന്റെ അനന്തരാവകാശിക്ക് തിരികെ നൽകുന്നതാണ്. ".

(22) 26-ാം ഖണ്ഡികയിൽ,

(i) മാർജിനൽ ശീർഷകത്തിന് ശേഷം "(1)" എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(ii) അപ്രകാരം അക്കമിട്ട 1-ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:-

"(2) പ്രസവാനുകൂല്യം ലഭിയ്ക്കുന്നതിന് പ്രസവത്തിന് ശേഷം മൂന്ന് മാസത്തിനകം കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിനോടൊപ്പം അപേക്ഷ സമർപ്പിക്കേണ്ടതാണ്. മൂന്ന് മാസത്തിന് ശേഷം ഒരു വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും കാലതാമസത്തിനുള്ള മാപ്പപേക്ഷ സ്വീകരിച്ച് ആനുകൂല്യം നൽകാവുന്നതാണ് ".

(23) 27-ാം ഖണ്ഡികയിൽ,-

(എ) "(200 പേർക്ക്)" എന്ന അക്കവും വാക്കും ബ്രാക്കറ്റും ഒഴിവാക്കേണ്ടതാണ് ;

(ബി) "ഏഴുവർഷം അഥവാ" എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ് ;

(സി) "84" എന്ന അക്കത്തിന് പകരം "എൺപത്തിനാല്" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്.

സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2019 ലെ 12) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 2019 ജൂൺ 21-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 6/2019/പൊ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചതും 2019 ജൂലൈ 24-ാം തീയതിയിലെ 1678-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 491/2019 ആയി പ്രസിദ്ധീകരിച്ചതുമായ 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ സൂക്ഷ്മപരിശോധന നടത്തിയ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)യുടെ 15-ാം മത് റിപ്പോർട്ടിൽ, പ്രസ്തുത പദ്ധതിയിൽ ചില ഭേദഗതികൾ നിർദ്ദേശിയ്ക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 1

അംഗത്വത്തിനുള്ള അപേക്ഷ

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11(1) കാണുക]

അപേക്ഷകന്റെ ഫോട്ടോ

1	ജില്ല	:
2	പഞ്ചായത്ത്/നഗരസഭ	:
3	പേര്(പൂർണ്ണ രൂപത്തിൽ)	:
	ലിംഗം	
	പിതാവിന്റെ / മാതാവിന്റെ / ഭാര്യയുടെ പേര്	
4	സ്ഥിര മേൽവിലാസം (താലൂക്ക്, വില്ലേജ്, പോസ്റ്റ് ഓഫീസ്, പിൻകോഡ് സഹിതം)	:
	ഫോൺ നമ്പർ	:
5	ഇപ്പോഴത്തെ പൂർണ്ണ മേൽവിലാസം	:
6	ജനനത്തീയതി	:
7	പ്രായം(അക്ഷരത്തിൽ)	:
8	ജോലി ചെയ്യുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല/ പഞ്ചായത്ത്/നഗരസഭ	:
9	അദ്ധ്യാപനം നടത്തുന്ന മദ്രസ്സയുടെ/തൊഴിൽ ദാതാവിന്റെ പേരും പൂർണ്ണ മേൽവിലാസവും (താലൂക്ക്, വില്ലേജ്, പോസ്റ്റ് ഓഫീസ്, പിൻകോഡ് സഹിതം)	:
	ജോലി ചെയ്യുന്ന തസ്തിക	
	മുസ്ലീം സർവ്വീസ് രജിസ്റ്റർ നമ്പർ (ലഭ്യമെങ്കിൽ)	:
	ഫോൺ നമ്പർ	:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

10	മദ്രസ്സാദ്ധ്യാപന ജോലി തുടങ്ങിയ വർഷം (അക്ഷരത്തിൽ)	:	
11	സേവനകാലം (വർഷാടിസ്ഥാനത്തിൽ)	:	വർഷം
12	ഇപ്പോഴത്തെ സ്ഥാപനത്തിൽ ജോലി ആരംഭിച്ച വർഷം	:	
13	ഇപ്പോഴത്തെ സ്ഥാപനത്തിലെ സേവന ദൈർഘ്യം	:	വർഷം/മാസം
14	വിദ്യാഭ്യാസ യോഗ്യത (എ) പൊതു വിദ്യാഭ്യാസം (ബി) മദ്രസ്സാദ്ധ്യാപനത്തിന് (സി) മറ്റ് വിഷയങ്ങൾ	: : :	
15	ക്ഷേമനിധി അംഗത്വം ആവശ്യപ്പെടുന്ന വർഷം/മാസം	:	
16	പ്രതിമാസം അടയ്ക്കുന്ന അദ്ധ്യാപക വിഹിതം(രൂപ)	:	
17	തൊഴിൽ ദാതാവ് അടയ്ക്കേണ്ട പ്രതിമാസ വിഹിതം(രൂപ)	:	
18	വിഹിതം അടയ്ക്കാൻ ചുമതലപ്പെട്ട മദ്രസ്സ സ്ഥാപനത്തിന്റെ പൂർണ്ണ മേൽവിലാസം(പിൻകോഡ് സഹിതം)	:	
19	വിഹിതമടയ്ക്കുന്നതിന് നിർദ്ദേശിക്കുന്ന പോസ്റ്റ് ഓഫീസ്	:	

<u>സത്യപ്രസ്താവന</u>

കേരള സംസ്ഥാന മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് ഞാൻ മുകളിൽ വ്യക്തമാക്കിയ കാര്യങ്ങൾ പൂർണ്ണമായും സത്യവും ശരിയുമാണെന്ന് വ്യക്തമാക്കുന്നു. ക്ഷേമനിധി സംബന്ധിച്ച് കാലാകാലങ്ങളിൽ ബാധകമാക്കുന്ന വ്യവസ്ഥകൾ ഞാൻ പാലിക്കുന്നതാണ്.

സ്ഥലം :
തീയതി :

ഒപ്പ് :
പേര് :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപന മേധാവിയുടെ ശിപാർശ

..... എന്ന മദ്രസ്സയിലെ അദ്ധ്യാപകനായ ..... കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വത്തിന് നൽകിയ അപേക്ഷ ശിപാർശ ചെയ്യുന്നു. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകളും അദ്ധ്യാപകരുടെ സാമൂഹ്യസുരക്ഷയും കണക്കിലെടുത്ത് തൊഴിലുടമ എന്ന നിലയിലുള്ള വ്യവസ്ഥകൾ പാലിക്കുന്നതാണെന്നും തൊഴിലുടമാ വിഹിതം യഥാസമയം അദ്ധ്യാപകന്റെ പേരിൽ അടയ്ക്കുന്നതാണെന്നും വ്യക്തമാക്കുന്നു.

സ്ഥലം: (സീൽ)
തീയതി: ഒപ്പ് :
പേര്:
ഔദ്യോഗിക പദവി:

ഓഫീസ് ഉപയോഗത്തിന്

അപേക്ഷ അംഗീകരിച്ചു / നിരസിച്ചു :

അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ :
അപേക്ഷ രജിസ്റ്റർ നമ്പർ : ക്ഷേമനിധി അംഗത്വ നമ്പർ :

ജില്ല :
പോസ്റ്റ് ഓഫീസ് :

അംഗത്വ പ്രാബല്യ തീയതി :

പണം അടയ്ക്കേണ്ട പോസ്റ്റ് ഓഫീസ്:

അക്കൗണ്ട് നമ്പർ :

സ്ഥലം: ഒപ്പ് :

തീയതി: (ഓഫീസ് സീൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര്:

കുറിപ്പ്

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്

- പാസ്പോർട്ട്സൈസ് ഫോട്ടോ – 2
- ജനന തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- മദ്രസ്സാ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ
- ആധാർകാർഡിന്റെ ഇരുവശത്തിന്റെയും പകർപ്പ്
- ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(II) ഫാറം നമ്പർ 2

അംഗത്വ സർട്ടിഫിക്കറ്റ്

2019 -ലെ കേരളമദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11 (4) കാണുക]

അംഗത്വനമ്പർ :

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്)

2019 -ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ/ശ്രീമതി.....(മേൽവിലാസം) ..... (തിയതി മുതൽ).....ക്ഷേമനിധി അംഗമായി ചേർത്തിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു.

അംഗത്തിന്റെ മാതൃക ഒപ്പ്:
സ്ഥലം :
തിയതി :

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര്

(ഓഫീസ് സീൽ)

(iii)

ഫാറം നമ്പർ 3

അംഗത്വ രജിസ്റ്റർ

2019 -ലെ കേരള മദ്രസാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11 (4) കാണുക]

(അംഗത്വ രജിസ്റ്റർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടത്)

അംഗത്തിന്റെ ഫോട്ടോ

ക്രമ നമ്പർ	അംഗത്തിന്റെ പേരും സ്ഥിര മേൽവിലാസവും	താൽകാലിക മേൽവിലാസം	അച്ഛന്റെ / അമ്മയുടെ / ഭർത്താവിന്റെ / ഭാര്യയുടെ പേര്	ജനന തിയതിയും വയസ്സും	നോമിനി / നോമിനികളുടെ പേരും അംഗമായുള്ള ബന്ധവും
(1)	(2)	(3)	(4)	(5)	(6)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷയുടെ തിയതിയും അപേക്ഷ രജിസ്റ്റർ നമ്പരും	അംഗത്വം നൽകിയ തിയതിയും അംഗത്വ നമ്പരും	ആനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ	വായ്പ നൽകിയതിന്റെ വിവരങ്ങൾ	അംഗത്വം റദ്ദാക്കിയ വിവരങ്ങൾ, തീയതി	അഭിപ്രായം
(7)	(8)	(9)	(10)	(11)	(12)

സ്ഥലം :
തീയതി :

(ഒപ്പ്)
(ഓഫീസ് സീൽ)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര്

(iv)
കാർഡ് നമ്പർ:

ഫാറം നമ്പർ 4
അംഗത്വ തിരിച്ചറിയൽ കാർഡ്
2019 -ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി
[ഖണ്ഡിക 11 (5) കാണുക]

അംഗത്തിന്റെ ഫോട്ടോ

പേര് (ഇനിഷ്യൽ സഹിതം) :
പൂർണ്ണ മേൽവിലാസം :
അംഗത്വ നമ്പർ :
ജില്ല :
സംസ്ഥാനം :
പ്രവൃത്തി സ്ഥലം :
ഫോൺ നമ്പർ :
ജനന തിയതി :
വിരമിക്കൽ തീയതി :

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര്

സ്ഥലം :
തീയതി :

(ഓഫീസ് സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v)

ഫാറം നമ്പർ 5

പാസ് ബുക്ക്

2019 –ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11 (5) കാണുക]

അംഗത്തിന്റെ ഫോട്ടോ

1. അംഗത്തിന്റെ പേര് :
2. പൂർണ്ണ മേൽവിലാസം :
3. അംഗത്വ നമ്പർ :
4. ജനന തിയതി :
5. വിരമിക്കൽ തീയതി :
6. അംഗത്വ ഉത്തരവ് നമ്പറും തീയതിയും :
7. വരിസംഖ്യാഇനം :
8. പ്രവൃത്തി സ്ഥലം :
9. അക്കൗണ്ട് നമ്പർ :
10. നോമിനിയുടെ പേര് :
11. പൂർണ്ണ മേൽവിലാസം :
12. നോമിനിയുമായുള്ള ബന്ധം :

എല്ലാ മാസവും .....-ാം തീയതിയ്ക്കകം മാസവരി അടയ്ക്കേണ്ടതാണ്.

അംഗത്തിന്റെ ഒപ്പ്.....

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

സ്ഥലം :

തിയതി :

മാസവരി യഥാസമയം അടച്ചില്ലെങ്കിൽ പിഴവ് വരുത്തിയ തീയതി മുതൽ അടയ്ക്കുന്ന തീയതിവരെ 9.25 % നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

(ഓഫീസ് സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

20.....	അടച്ച മാസം	വരിസംഖ്യ തീയതി	വരിസംഖ്യാ തുക	പിഴ തുക	മദ്രസ്സ കമ്മിറ്റി അടച്ച അംശദായം	ആകെ തുക	ഒപ്പ്
(1)	(2)	(3)	(4)	(5)	(6)	(7)	(8)
B/F							
ജനുവരി							
ഫെബ്രുവരി							
മാർച്ച്							
ഏപ്രിൽ							
മേയ്							
ജൂൺ							
ജൂലൈ							
ആഗസ്റ്റ്							
സെപ്തംബർ							
ഒക്ടോബർ							
നവംബർ							
ഡിസംബർ							
C/o							

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(vi)

ഫാറം നമ്പർ 6

നോമിനേഷൻ ഫാറം

2019 –ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 13 കാണുക]

എന്റെ കാലശേഷം ക്ഷേമനിധിയിൽ നിന്നും എന്റെ പേരിലുള്ള ആനുകൂല്യങ്ങളും അർഹതപ്പെട്ട ഇകയും കൈപ്പറ്റുന്നതിനു താഴെപ്പറയുന്ന എന്റെ ആശ്രിതനെ /ആശ്രിതരെ ഞാൻ ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

ക്രമ നമ്പർ	നോമിനിയുടെ പേരും മേൽവിലാസവും	വയസ്സും ജനന തിയതിയും	അപേക്ഷകൻ /അപേക്ഷകയുമായുള്ള ബന്ധം
(1)	(2)	(3)	(4)

സ്ഥലം : ഒപ്പും പേരും

തീയതി : അംഗത്വ നമ്പറും മേൽവിലാസവും

സാക്ഷികളുടെ ഒപ്പ് ,പേര്,

മേൽവിലാസം 1 . _____

_____

2 . _____

_____

നോമിനേഷൻ അംഗീകരിച്ചു

സ്ഥലം :

തീയതി : ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

(ഓഫീസ് സീൽ)

കുറിപ്പ് :– 1. നോമിനേഷൻ പൂരിക്കുന്നവർ അംഗത്വ ഉത്തരവിന്റെ പകർപ്പ്, അംഗത്വ സർട്ടിഫിക്കറ്റ് , അംഗത്വ തിരിച്ചറിയൽ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

2. ശരിയായി പൂരിപ്പിച്ച രണ്ട് സെറ്റ് അപേക്ഷ ഫാറം സമർപ്പിക്കേണ്ടതാണ് . ഒരു കോപ്പി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(vii)

ഫാറം നമ്പർ 7

ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ

2019- ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 17(4) കാണുക)

1. അംഗത്തിന്റെ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. വയസ്സും ജനന തീയതിയും :

4. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും

   അംഗത്വ നമ്പറും :

5. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ? :

   ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിച്ച

   അധികാരിയുടെ ഉത്തരവ് നമ്പറും, തീയതിയും :

6. അംഗത്തിന്റെ പ്രവൃത്തി സ്ഥലം :

7. അംഗത്വ കാലയവ് :

8. രോഗസ്വഭാവവും അതിനു വേണ്ടുന്ന

   ചികിത്സയുടെ വിവരവും

   (രോഗ വിവരം വ്യക്തമായി എഴുതണം) :

9. ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം

   ലഭിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ വിവരങ്ങൾ എഴുതുക :

10. ചികിത്സയ്ക്കായി മെഡിക്കൽ ആഫീസർ

    ശിപാർശ ചെയ്യുന്ന യഥാർത്ഥ ചെലവ് :

11. അംഗം ചികിത്സ നടത്തിയ ആശുപത്രിയുടെ

    പേരും മേൽവിലാസവും :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

12. അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള :

മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശദവിവരം

(ചികിത്സ നടത്തിയ സ്ഥാപനത്തിൽ നിന്നുള്ള

സർട്ടിഫിക്കറ്റ് തന്നെ സമർപ്പിക്കുക) :

സ്ഥലം : (ഒപ്പ്)
തീയതി : പേര്

സത്യപ്രസ്താവന

.....(പേര്)
.....
..... (മേൽവിലാസം) എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നു ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : (ഒപ്പ്)
തീയതി : പേര്

കുറിപ്പ്:- അവസാന വരിസംഖ്യ അടച്ച രസീത്, മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ, ഐ.പി./ഒ.പി. ടിക്കറ്റ്, ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ഓഫീസ് ഉപയോഗത്തിന്

*അപേക്ഷ സ്വീകരിക്കുന്നു / നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

അനുവദിച്ച തുക

സ്ഥലം :

തീയതി : (ഓഫീസ് സീൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(viii)

ഫാറം നമ്പർ 8

മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷ

2019 –ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 18 (3) കാണുക]

1. അപേക്ഷകന്റെ /അപേക്ഷകയുടെ പേര് :

2. സ്ഥിരമായ മേൽവിലാസം :

3. നിലവിലുള്ള മേൽവിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) :

4. അംഗവുമായുള്ള ബന്ധം :

5. ജനനത്തീയതിയും വയസ്സും :

6. ക്ഷേമനിധി അംഗത്തിന്റെ പേര് :

7. അംഗത്വ നമ്പർ :

8. അംഗത്തിന്റെ ജനനതീയതി :

9. ക്ഷേമനിധിയിൽ അംഗമായ തീയതി :

10. അംഗം മരണമടഞ്ഞ തീയതി :

11. ക്ഷേമനിധി വരിസംഖ്യ അവസാനം അടച്ച തീയതി :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

12. അംഗത്തിന്റെ അവസാന പ്രവൃത്തി സ്ഥലം :

13. ആകെ അംഗത്വ കാലയളവ് :

14. അപേക്ഷകൻ മൈനർ ആണെങ്കിൽ രക്ഷിതാവിന്റെ പേരും മേൽവിലാസവും :

സത്യപ്രസ്താവന

മേൽപറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ് :

തീയതി : പേര് :

കുറിപ്പ്:- അസ്സൽ അംഗത്വ സർട്ടിഫിക്കറ്റ്, അസ്സൽ അംഗത്വ കാർഡ്, തഹസിൽദാർ നൽകുന്ന അവകാശ സർട്ടിഫിക്കറ്റ്, പാസ്സ് ബുക്ക്, മരണ സർട്ടിഫിക്കറ്റ്, അവസാനം വരിസംഖ്യ അടച്ച രസീത്, അസ്സൽ നോമിനേഷൻ, നോമിനി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

ഓഫീസ് ഉപയോഗത്തിന്

*അപേക്ഷ സ്വീകരിക്കുന്നു / നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ശവസംസ്കാര ചെലവുകൾക്കായിട്ടുള്ള ധനസഹായം

മരണാനന്തര ധനസഹായം

സ്ഥലം :

തീയതി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ix)

ഫാറം നമ്പർ 9

വിവാഹ ധനസഹായത്തിനുള്ള അപേക്ഷ

2019- ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 19 കാണുക)

1. അംഗത്തിന്റെ പേര് :
2. പൂർണ്ണമായ മേൽവിലാസം :
3. വയസ്സും ജനന തീയതിയും :
4. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും അംഗത്വ നമ്പറും :
5. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിച്ച അധികാരിയുടെ ഉത്തരവ് നമ്പറും, തീയതിയും :
6. വിരമിക്കൽ തീയതി :
7. ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ വിവരങ്ങൾ എഴുതുക :
    a. ഉണ്ടെങ്കിൽ എത്ര പ്രാവശ്യം :
    b. ആനുകൂല്യം ലഭിച്ച തീയതിയും ഉത്തരവ് നമ്പറും :
8. അംഗത്വ കാലയളവ് :
9. പ്രവൃത്തി സ്ഥലം :
10. ആശ്രിതരുടെ വിവാഹാവശ്യം :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11. വിവാഹിതയാകുന്നയാൾ അംഗത്തിന്റെ

മകളാണെങ്കിൽ

1. പേര് :

2. ജനന തീയതിയും വയസ്സും :

3. വിവാഹ തീയതിയും സ്ഥലവും :

4. വരന്റെ പേരും പൂർണ്ണ മേൽവിലാസവും :

5. ജനന തീയതിയും വയസ്സും :

12. അപേക്ഷിക്കുന്ന തുക :

സത്യപ്രസ്താവന

……(പേര്)

…… (മേൽവിലാസം) എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : (ഒപ്പ്)

തീയതി : പേര്:

കുറിപ്പ്: അംഗത്വ സർട്ടിഫിക്കറ്റിന്റെ പകർപ്പ് , അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, വിവാഹ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഓഫീസ് ഉപയോഗത്തിന്

*അപേക്ഷ സ്വീകരിക്കുന്നു/ നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

അനുവദിച്ച തുക

സ്ഥലം :

തീയതി : (ഓഫീസ് സീൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(x)

ഫാറം നമ്പർ 10

പെൻഷനുള്ള അപേക്ഷ

2019- ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി
(ഖണ്ഡിക 20(2) കാണുക)

അംഗത്തിന്റെ ഫോട്ടോ

1. അപേക്ഷകന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം
    1. വീട്ടു പേര് :
    2. വീട്ടു നമ്പർ :
    3. പ്രദേശം/വില്ലേജ് :
    4. പോസ്റ്റ് ഓഫീസ് :
    5. താലൂക്ക് :
    6. പിൻകോഡ് :
    7. ഫോൺ നമ്പർ :
    8. ആധാർ കാർഡ് നമ്പർ :
4. ജനന തീയതിയും പൂർത്തിയായ വയസ്സും :
5. അച്ഛന്റെ/ അമ്മയുടെ / ഭർത്താവിന്റെ / ഭാര്യയുടെ പേര്:
6. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം
   പ്രാബല്യത്തിൽ വന്ന മാസവും :
7. (എ) ക്ഷേമനിധിയിൽ അവസാനമായി
   വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പറും :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) ക്ഷേമനിധിയിൽ ആകെ

മാസവരി സംഖ്യ അടച്ച കാലയളവ് :

8. ജോലിയിൽ നിന്നും വിരമിച്ച തീയതി :

9. ഇപ്പോൾ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും :

ബോർഡിൽ നിന്നോ അപേക്ഷകന്

പെൻഷൻ ലഭിക്കുന്നുണ്ടോ?

10. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

11. അവസാനം ജോലി ചെയ്തിരുന്ന സ്ഥലം :

12. അർഹതപ്പെട്ട പെൻഷൻ തുക :

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ്:

തീയതി : പേര്:

കുറിപ്പ്: അംഗത്വ സർട്ടിഫിക്കറ്റ്, അംഗത്വ തിരിച്ചറിയൽ കാർഡ്, അവസാന വരിസംഖ്യ അടച്ചതിന്റെ രസീത് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

<u>ഓഫീസ് ഉപയോഗത്തിന്</u>

*അപേക്ഷ സ്വീകരിക്കുന്നു/നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

അനുവദിച്ച തുക

സ്ഥലം :

തീയതി : (ഓഫീസ് മുദ്ര) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര് :

ഒപ്പ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xi)

ഫാറം നമ്പർ 11

അവശതാ പെൻഷനുള്ള അപേക്ഷ

2019 –ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 22 (1) കാണുക]

1. അംഗത്തിന്റെ പേര് :

2. അംഗത്വ നമ്പർ :

3. മേൽവിലാസം
   1. വീട്ടുപേര് :
   2. വീട്ടു നമ്പർ :
   3. പ്രദേശം/വില്ലേജ് :
   4. പോസ്റ്റ് ഓഫീസ് :
   5. താലൂക്ക് :
   6. പിൻ കോഡ് :
   7. ഫോൺ നമ്പർ :
   8. ആധാർ കാർഡ് നമ്പർ:

4. ജനനത്തീയതിയും പൂർത്തിയായ വയസ്സും :

5 അച്ഛന്റെ /അമ്മയുടെ/ ഭാര്യയുടെ /ഭർത്താവിന്റെ പേര് :

6 ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :

7 (എ) ക്ഷേമനിധിയിൽ അവസാനമായി വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :

(ബി) ക്ഷേമനിധിയിൽ ആകെ മാസ വരിസംഖ്യ അടച്ച കാലയളവ് :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8 അവശത മൂലം ജോലിയിൽ നിന്നും വിരമിച്ച തീയതി :

9 ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

10 അവശത തുടങ്ങിയ തീയതി :

11 അവശതയുടെ സ്വഭാവം :

12 അവശത തെളിയിക്കുന്നതിന് ഹാജരാക്കിയ രേഖകൾ
1. :
2. :

13 അർഹതപ്പെട്ട അവശതാ പെൻഷൻ തുക

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ്:
തീയതി : പേര്:

കുറിപ്പ്: അംഗത്വ സർട്ടിഫിക്കറ്റ്, അംഗത്വ തിരിച്ചറിയൽ കാർഡ്, വരിസംഖ്യ അടച്ചതിന്റെ രസീത്, അവശതമൂലം യാതൊരു ജോലിയും ചെയ്യാൻ സാധിക്കാത്ത ആളാണെന്നു തെളിയിക്കുന്നതിലേക്കുള്ള മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ഓഫീസ് ഉപയോഗത്തിന്

*അപേക്ഷ സ്വീകരിക്കുന്നു/ നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

പെൻഷൻ പ്രാബല്യ തീയതി

സ്ഥലം :

തീയതി : (ഓഫീസ് മുദ്ര) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xii)

ഫാറം നമ്പർ 12

പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ

2019- ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 26 കാണുക)

1. അംഗത്തിന്റെ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. വയസ്സും ജനന തീയതിയും :

4. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും

   അംഗത്വ നമ്പറും :

5. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ

   അംഗത്വം പുനഃസ്ഥാപിച്ച

   ഉത്തരവ് നമ്പറും, തീയതിയും :

6. വിരമിക്കൽ തീയതി :

7. ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം

   ലഭിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ വിവരങ്ങൾ

   എഴുതുക :

   (എ) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം :

   (ബി) ആനുകൂല്യം ലഭിച്ച തീയതിയും

   ഉത്തരവ് നമ്പറും :

8. പ്രസവം നടന്ന തീയതി :

9. അർഹതപ്പെട്ട പ്രസവാനുകൂല്യ തുക :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സത്യപ്രസ്താവന

..... (പേര്) .....

.....(മേൽവിലാസം)

എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നു ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര്:

കുറിപ്പ്: അംഗത്വ സർട്ടിഫിക്കറ്റിന്റെ പകർപ്പ് , അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ചതിന്റെ രസീത് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ഓഫീസ് ഉപയോഗത്തിന്

*അപേക്ഷ സ്വീകരിക്കുന്നു/ നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

അനുവദിച്ച തുക

.....രൂപ പ്രസവാനുകൂല്യമായി അനുവദിച്ചിരിക്കുന്നു.

സ്ഥലം :

തീയതി : (ഓഫീസ് സീൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xiii)

ഫാറം നമ്പർ 13

കുടുംബ പെൻഷനുള്ള അപേക്ഷ

2019- ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി
(ഖണ്ഡിക 21 കാണുക)

അംഗത്തിന്റെ ഫോട്ടോ

1. അപേക്ഷകന്റെ പേര് :

2. പൂർണ്ണ മേൽവിലാസം :

3. അംഗത്തിന്റെ പേര് :

4. അംഗത്വ നമ്പർ :

5. അംഗവുമായുള്ള ബന്ധം :

6. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

7. അംഗം വിരമിച്ച തീയതി :

8. മരണപ്പെട്ട തീയതി :

9. ലഭിക്കുന്ന പെൻഷൻ തുക :

10. പെൻഷൻ നമ്പർ :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11. അപേക്ഷകൻ മൈനർ ആണെങ്കിൽ

രക്ഷിതാവിന്റെ പേരും മേൽവിലാസവും :

12. അർഹതപ്പെട്ട കുടുംബ പെൻഷൻ തുക :

സത്യപ്രസ്താവന

മേല്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര്:

കുറിപ്പ്: അംഗത്തിന്റെ മരണ സർട്ടിഫിക്കറ്റ്, അവകാശം തെളിയിക്കുന്നതിനായി തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ഓഫീസ് ഉപയോഗത്തിന്

*അപേക്ഷ സ്വീകരിക്കുന്നു/നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

അനുവദിച്ച കുടുംബ പെൻഷൻ തുക

സ്ഥലം:

തീയതി : (ഓഫീസ് സീൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xiv)

ഫാറം നമ്പർ 14

ഭവന വായ്പ അപേക്ഷ

2019- ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി
(ഖണ്ഡിക 27 കാണുക)

അംഗത്തിന്റെ ഫോട്ടോ

1. അപേക്ഷകന്റെ പേര്

2 മേൽവിലാസം

പിൻകോഡ്

പഞ്ചായത്ത് /നഗരസഭ

ജില്ല

ഫോൺ നമ്പർ

3 ജനന തീയതി

പ്രായം

4 ആധാർ നമ്പർ

5 ഭാര്യ /ഭർത്താവിന്റെ പേര്

6 വിദ്യാഭ്യാസ യോഗ്യത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7 ജോലി ചെയ്യുന്ന മദ്രസ്സയുടെ പേരും പൂർണ്ണ മേൽ വിലാസവും

ഫോൺനമ്പർ:

8 ജോലിയിൽ പ്രവേശിച്ച തീയതി പ്രതിമാസ ശമ്പളം –

9 മദ്രസ അധ്യാപക ക്ഷേമനിധി അംഗത്വ നമ്പർ

10 ക്ഷേമനിധിയിൽ ചേർന്ന തീയതി/വർഷം

11 കുടുംബത്തിന്റെ വാർഷിക വരുമാനം

12 ഭവനനിർമ്മാണത്തിന്റെ വിവരങ്ങൾ

കൈവശമുള്ള മൂലധനം . . . . . .

ആവശ്യപ്പെടുന്ന വായ്പ തുക . . . . . .

വീടിന്റെ എസ്റ്റിമേറ്റ് തുക . . . . . .
വീടിന്റെ ആകെ വിസ്തീർണ്ണം . . . . . sq.feet

13 കുടുംബാംഗങ്ങളുടെ വിവരങ്ങൾ

	പേര്	അപേക്ഷകനുമായുള്ള ബന്ധം	വയസ്	ജോലി
1				
2				
3				
4				
5				

അംഗങ്ങളുടെ ആകെ എണ്ണം –

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

14 കുടുംബാംഗങ്ങൾ ആരെങ്കിലും താഴെ പറയുന്ന മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ രേഖപ്പെടുത്തുകയും ആവശ്യമായ സർട്ടിഫിക്കറ്റ് പകർപ്പുകൾ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

മാറാരോഗികൾ/അംഗവൈകല്യമുള്ളവർ/മാനസിക അസ്വാസ്ഥ്യമുള്ളവർ

വിവാഹമോചിതരായ സ്ത്രീകൾ/വിധവകൾ

വിവാഹമോചിതരായ പെൺമക്കൾ

25 വയസ്സിന് മുകളിലുള്ള അവിവാഹിതരായ പെൺമക്കൾ

15 സർക്കാർ / മറ്റ് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ: ഉണ്ട് / ഇല്ല
ഉണ്ടെങ്കിൽ വിശദവിവരങ്ങൾ

16 സർക്കാരിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വീട് നിർമ്മാണത്തിനായി എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ? : ഉണ്ട് / ഇല്ല
ഉണ്ടെങ്കിൽ വിശദവിവരങ്ങൾ

17 മദ്രസ അധ്യാപക ക്ഷേമനിധിയിൽ നിന്ന് ഇതുവരെ എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ ? : ഉണ്ട് / ഇല്ല
ഉണ്ടെങ്കിൽ വിശദവിവരങ്ങൾ

18 സ്വന്തം പേരിലോ മാതാവ്, പിതാവ്, ഭാര്യ, ഭർത്താവിന്റെ പേരിലോ ഭൂമിയുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം

ഉടമസ്ഥന്റെ പേര്	ഇനം (നിലം/ പുരയിടം)	വിസ്തീർണ്ണം	സർവ്വെ നമ്പർ	വില്ലേജ്	താലൂക്ക്	ജില്ല	മറ്റ് വരുമാന മാർഗ്ഗങ്ങൾ കൃഷി/ തൊഴിൽ / മറ്റുള്ളവ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

19. മദ്രസ്സാദ്ധ്യാപകർക്കുള്ള ഭവന വായ്പക്ക് മുൻ വർഷങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ? ഉണ്ട് / ഇല്ല
ഉണ്ടെങ്കിൽ ഏതെല്ലാം വർഷങ്ങളിൽ

അപേക്ഷകന്റെ സത്യപ്രസ്താവന

മേൽ നൽകിയ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും മദ്രസ അധ്യാപക പലിശ രഹിത ഭവന വായ്പ സംബന്ധിച്ച് എല്ലാവിധ നിയമങ്ങളും ചട്ടങ്ങളും പാലിക്കുമെന്നും അനുവദിക്കുന്ന വായ്പാതുകയും മറ്റു ചെലവുകളും നിശ്ചയിക്കുന്ന കാലാവധിക്കുള്ളിൽ അടച്ചുതീർക്കുമെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: അപേക്ഷകന്റെ ഒപ്പ്
തീയതി: പേര്

ഓഫീസ് ഉപയോഗത്തിന്

*അപേക്ഷ സ്വീകരിക്കുന്നു / നിരസിക്കുന്നു

അനുവദിക്കുന്ന വായ്പ തുക

നിരസിക്കുന്നതിനുള്ള കാരണം

തീയതി:

സ്ഥലം: ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പ്

കുറിപ്പുകൾ

1. അപേക്ഷകൻ /അപേക്ഷക മദ്രസ അധ്യാപക ക്ഷേമനിധിയിൽ അംഗത്വമെടുത്ത് 2 വർഷം പൂർത്തിയാക്കേണ്ടതാണ്.
2. കുടിശ്ശികയില്ലാതെ വിഹിതമടച്ച് വരുന്ന അംഗങ്ങൾക്ക് മാത്രമേ അർഹത ഉണ്ടാകുകയുള്ളൂ.
3. മുൻഗണനാ വിഭാഗത്തിൽ ഉള്ളവർക്ക് കൂടുതൽ പ്രാധാന്യം നൽകി കരട് ലിസ്റ്റ് തയ്യാറാക്കി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കൈമാറുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ധനകാര്യ കോർപ്പറേഷൻ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി വായ്പ നൽകുകയുമാണ് ചെയ്യുക.
4. രണ്ടരലക്ഷം രൂപയാണ് പരമാവധി അനുവദിക്കുക. ടി തുക 7 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ടതാണ്.
5. മുൻഗണനാ ഇനത്തിൽ ഉൾപ്പെടുന്നവർ അപേക്ഷയിൽ അവകാശപ്പെടുകയും ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ മുൻഗണനാ മാർക്ക് നൽകാനാകുകയുള്ളൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. ആധാർ കാർഡിന്റെ പകർപ്പ്.
2. റേഷൻ കാർഡിന്റെ പകർപ്പ്.
3. ജനനതീയതി തെളിയിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ പാസ്സ്പോർട്ട് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്.
4. മദ്രസ അധ്യാപകൻ ജോലി ചെയ്യുന്ന സ്ഥാപന മേലാധികാരി നൽകുന്ന സാക്ഷ്യപത്രം
5. മദ്രസ അധ്യാപക ക്ഷേമനിധി കാർഡിന്റെ പകർപ്പ്.
6. ക്ഷേമനിധിയിൽ അവസാനമായി വിഹിതമാക്കിയ രസീതിന്റെ പകർപ്പ്.
7. വില്ലേജ് ഓഫീസറുടെ വരുമാന സാക്ഷ്യപത്രം

6. മുൻഗണനാ അവകാശവാദമുന്നയിച്ചിട്ടുള്ളവർ (ശാരീരിക തളർച്ച സംഭവിച്ചവർ / അന്ധർ/ 40 ശതമാനത്തിലധികം അംഗവൈകല്യമുള്ളവർ / ഭിന്നലിംഗക്കാർ / ഗുരുതര രോഗങ്ങളുള്ളവർ / അപകടത്തെ തുടർന്ന് കിടപ്പിലായവർ/ കടുത്ത മാനസിക വെല്ലുവിളി നേരിടുന്നവർ) ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

7. മുൻഗണനാ ക്രമ നമ്പർ 2, 3, 4 എന്നിവയിൽ അവകാശമുന്നയിക്കുന്നവർ വില്ലേജ് ഓഫീസിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ക്ഷേമനിധി അംഗമായ വനിതകൾക്കു മാത്രമേ ഇനം രണ്ടിൽ ഉള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xv)

ഫാറം നമ്പർ 15

ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ

2019- ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 11(6) കാണുക)

1. അംഗത്തിന്റെ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും

   അംഗത്വ നമ്പറും :

4. ഫോൺ നമ്പർ :

5. ഡ്യൂപ്ലിക്കേറ്റ് ആവശ്യപ്പെടുന്ന രേഖകൾ :

   (ആവശ്യമില്ലാത്തത് വെട്ടിക്കളയുക)

   a. അംഗത്വ സാക്ഷ്യപത്രം

   b. അംഗത്വ തിരിച്ചറിയൽ കാർഡ്

   c. പാസ്സ്ബുക്ക്

6. ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കാനുള്ള കാരണം :

7. ഫീ അടവാക്കിയ വിവരങ്ങൾ :

സ്ഥലം : (ഒപ്പ്)

തീയതി : പേര്

കുറിപ്പ്:- ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷാ ഫീസ് 50 രൂ. ആണ്. രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xvi)

ഫാറം നമ്പർ 16

അപ്പീൽ അപേക്ഷ

(ഖണ്ഡിക 12 കാണുക)

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി മുമ്പാകെ ....

(പേര്) .....

.....(മേൽവിലാസം) സമർപ്പിക്കുന്ന അപ്പീൽ ഹർജി.

അപ്പീലിനാധാരമായ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് ഉത്തരവ്

(അപ്പീൽ സംഗതി)

സ്ഥലം : (ഒപ്പ്)

തീയതി : പേര്

കുറിപ്പ്:- അപ്പീലിന് ആധാരമായ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം അപ്പീൽ സമർപ്പിക്കേണ്ടതാണ്. ഉത്തരവിന്റെ അസ്സൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xvii)

ഫാറം നമ്പർ 17

പുനഃപരിശോധനാ ഹർജി അപേക്ഷ

(ഖണ്ഡിക 12 കാണുക)

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് സെക്രട്ടറി മുമ്പാകെ ....

(പേര്) ..... (മേൽവിലാസം)

സമർപ്പിക്കുന്ന പുനഃപരിശോധനാ ഹർജി

അപ്പീൽ തീർപ്പാക്കിയ ഉത്തരവ്

(പുനഃപരിശോധനാ സംഗതി)

സ്ഥലം : (ഒപ്പ്)

തീയതി : പേര്

കുറിപ്പ്:- അപ്പീലിന്മേൽ സ്വീകരിച്ച ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം പുനഃപരിശോധനാ ഹർജി സമർപ്പിക്കേണ്ടതാണ്. ഉത്തരവിന്റെ അസ്സൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/